വേദപ്രചാര

മത്സ്യസ്ഥൻ.



പുസ്തകം ക.] ക്രൻഫ്രൻ മേയ്. [ലക്കം കക.

License No. 183.

Vol. I. No. 11. മദ്ധ്യസ്ഥൻ മേയ് 1929.

വിഷയ വിവരം.

1. പരസ്യകല്പന.
2. മംഗളം.
ജോസഫ് പനവേലി
3. പുസ്തകാഭിപ്രായങ്ങൾ.
പത്രാധിപർ.
4. മഹാത്മാവായ മാർ യൗസേപ്പിൻറെ ജീവചരിത്രം.
മാർ ജയിംസ് മെത്രാനച്ചൻ തിരുമനസ്സു കൊ
ണ്ട് പി. എച്ച്. ഡി; ഡി. ഡി.
5. രണ്ടാമത്തെ അദ്ധ്യായം.
റവ. ഫാദർ മാപ്പു പുയ്യൽ, എം. എ.
6. നമ്മുടെ താല്പര്യകാര്യങ്ങൾ.
ഫ്രിഗാനി സി. തൈച്ചേരിൽ ബി. എ.
7. ഹിമികാപുത്രന്റെ കഥ (തുടർച്ച)
റവ. ഐ. ജെ. ജോൺ എസ്സ്. ജെ..
8. തിരുഹൃദയ സ്തുതി.
9. ചൊക്ലേറ്റുമത്സരം,
റവ. ഇ. പി ജോസഫ്.
10. വർത്തമാനപുസ്തകം.
11. കൂട്ടുകൃഷി.
12. പരസ്യങ്ങൾ.
13. പഞ്ചാംഗം.

ഒരിക്കലും കുതിരയായിരുന്നു.

വള്ളിക്കുന്നിലുള്ള ഒരു കഴുത തിരിയും വിളിച്ചുണ്ടു. പുതിയ
കുതിരയെ വിലയ്ക്കു വാങ്ങിച്ചതിനുശേഷം.
ഒരു തിരുമുഴുവൻ കടക്കുന്നു
ദേവസ്യാ ഒരുത്തൻ അവിടെ ബ്രദർ
ഇതെന്തു വ്യാപാരം, ചങ്ങനാശ്ശേരി

മദ്ധ്യസ്ഥൻ.

പുസ്തകം ൫) ഫെർവരി മേയ് (ലക്കം ൫൫


നമ്പർ ൬.

ദൈവകൃപയാലും

പരിശുദ്ധ സിംഹാസനത്തിന്റെ മനോഹരണത്താലും

ചങ്ങനാശ്ശേരി രൂപതയുടെ

മെത്രാനായ നാം



കാളാശ്ശേരിൽ ജയിംസ്

മെത്രാൻ.

നമ്മുടെ അധികാരത്തിൽപ്പെട്ട പള്ളികളിലെ ബഃ വികാരിമാർക്കും, അസിസ്റ്റന്തിമാർക്കും, ശേഷാപട്ടക്കാർക്കും, സന്ന്യാസാന്തസ്സുകാർക്കും, വിശ്വാസികൾക്കുമെല്ലാവർക്കും നമ്മുടെ കർത്താവീശോമിശിഹായിൽ സമാധാനവും വാഴ്വും.

"നീ ഭൂമിയിൽ മോചിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും മോചിക്കപ്പെട്ടും"(വി.മത്തായി ൧൬—൧൯)

ബഃ അച്ചന്മാരെ, പ്രിയ വിശ്വാസികളെ!

തിരുസഭയുടെ തലവനായി ഇപ്പോൾ ഭാഗ്യമോടെ വാഴുന്ന ൧൧-ാം പിയൂസ് മാർപ്പാപ്പായിരുമനസ്സുകൊണ്ട് ഇരുപത്തഞ്ചേറിട്ടു ൫൦ വർഷം പൂർത്തിയാകുന്നതു അടുത്ത ഡിസംബർ ൮-൹ തീയതി ആകയാൽ ഈ കൊല്ലമാണ് അതിന്റെ സന്തോഷചിഹ്നം ആഘോഷിക്കപ്പെടുന്നതു. ഈ വത്സരാരംഭം മുതൽ തന്നെ ഏതുസംബന്ധമായ ആഘോഷങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും നടന്നു കൊണ്ടാണിരിക്കുന്നതു. വത്തിക്കാനും ഇറാലി ഗവർമേൻറും തമ്മിൽ ഉണ്ടായ ഉടമ്പടി ജൂബിലിയാഘോഷങ്ങൾക്ക് അസാദ്ധ്യമായൊരുപ്രാധ്യാന്യം നല്കുന്നുണ്ട്. ഈ

നിവ്വിശേഷമായ സ്നേഹാതിരേകത്താൽ ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള വിശ്വാസികൾ ഈ ശുഭാവസരത്തെ അത്യാഡംബരമായി കൊണ്ടാടുന്ന വിവരം പ. പിതാവറിഞ്ഞു് സന്തുഷ്ട ചിത്തനാവുകയും പ്രതിസ്നേഹമെന്നോണം തന്റെ മക്കൾക്കുതിരുസഭാഭണ്ഡാഗാരത്തിലെ ജ്ഞാന നിക്ഷേപങ്ങളെ സമൃദ്ധിയായി തുറന്നുകൊടുപ്പാൻ നിശ്ചയിച്ചുകൊണ്ടു ഫൻഫൻ-ാം വർഷം ഒരു അസാധാരണ ജൂബിലിവത്സരമായിവിളംബരപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അതുകയാൽ ഈ വലിയ മനോഗുണം നമ്മുടെ വിശ്വാസികൾ ധാരാളമായി അനുഭവിക്കേണമെന്നു നാം ആഗ്രഹിക്കുകയും ജൂബിലി ദ. വിമോചനം പ്രാപിക്കുന്നതിന്നു് അനുഷ്ഠിക്കേണ്ടവയെ സംബന്ധിച്ചു ഈ ശുവതക്കാർ അറിഞ്ഞിരിക്കേണ്ട സംഗതികൾ താഴെചേർക്കുകയും ചെയ്യുന്നു.

ക. ജൂബിലിയുടെ പൂർണ്ണ ദ. വിമോചനം പ്രാപിക്കുന്നതിനു ഏതെങ്കിലും ഒരുദേവാലയം അവശ്യപ്രാവശ്യംസന്ദർശിച്ചു മാർപ്പാപ്പായുടെ നിയോഗപ്രകാരം (നാ അ. നാ നന്മ. നാ ശ്രീ.) പ്രാർത്ഥിക്കണം. ദേവാലയമെന്നു പറഞ്ഞതുകൊണ്ടുഏതെങ്കിലും ഇടവകപള്ളിയോ കുരിശുപള്ളിയോ സന്ന്യാസാശ്രമക്കാർക്കു അവരുടെ ആശ്രമകപ്പേളയൊ മതിയായിരിക്കും. ഏതെങ്കിലും മൂന്നുപള്ളികൾ രണ്ടുപ്രാവശ്യം വീതമൊ അഥവാ രണ്ടുപള്ളികൾ മൂന്നുപ്രാവശ്യം വീതമൊ അതിനു സൗകര്യമില്ലാത്തപക്ഷം ഒരു പള്ളിയിൽതന്നെ ആറു പ്രാവശ്യമോ സന്ദർശനം നടത്തുവാന്നതാണ്. എന്നാൽ വിശ്വാസികൾ കൂട്ടമായി സന്ദർശനം കഴിക്കുമ്പോൾ ആദ്യം എല്ലാവരും പള്ളിയിൽ പ്രവേശിച്ചു പ. പിതാവിന്റെ നിയോഗപ്രകാരം പ്രാർത്ഥിച്ചശേഷം പുറത്തിറങ്ങി പ്രദക്ഷിണമായി വീണ്ടും അകത്തു കയറി മേൽ പ്രകാരം പ്രാർത്ഥിക്കണം. ഇങ്ങനെ ഏതെങ്കിലും രണ്ടുദിവസം ചെയ്യാൽ മതിയായിരിക്കുന്നു.

ഖ. ദേവാലയസന്ദർശനത്തിനും പുറമെ, പൊതുനിയമത്താൽ കടപ്പെടാത്ത ഏതെങ്കിലും രണ്ടുദിവസം നോമ്പും, ഒരുനേരവും അനുഷ്ഠിക്കേണ്ടതും, പൈസഹായകുമ്പസാരക്കുടം തീർക്കാനായിട്ടല്ലാത്ത ഒരു കുമ്പസാരവും കുർബാനകൈക്കൊള്ളപ്പാടും കഴിക്കേണ്ടതും, ഏതെങ്കിലും ഭക്ത വിഷയത്തിലേക്കു പ്രത്യേകിച്ചു വേദപ്രചാരത്തിനായി—എന്തെങ്കിലും ധനസഹായം ചെയ്യേണ്ടതുമാണ്.

ന. പ്രസ്തുത സൽകൃത്യങ്ങളിൽ ഒന്നോഎല്ലാംതന്നെയൊ വേറെസൽകൃത്യങ്ങളായി രൂപാന്തരപ്പെടുത്തികൊടുക്കുന്നതിനു(തക്കകാരണമുണ്ടെങ്കിൽ) ഓരോരുത്തന്റെ കുമ്പസാരക്കാരനു അധികാരമുണ്ടായിരിക്കുന്നു.

ഘ. കുമ്പസാരിപ്പിക്കുന്ന എല്ലാ പട്ടക്കാർക്കും, സ്വാധികാരസീമയിൽ വച്ചു്, തങ്ങളോടു കുമ്പസാരിക്കുന്നവരുടെ പാപങ്ങൾ, മാർപ്പാപ്പായാൽ പ്രത്യേകമായി (specialissimo modo) പിടിക്കപ്പെട്ടിരിക്കുന്നവ ഒഴിച്ചു്, നിയമത്താലൊ അധികാരത്താലൊ പിടിക്കപ്പെട്ടവയായാലും, മഹാരോഗത്തോടു കൂടിയവയൊ അല്ലാത്തവയൊ ആയാലും, ഈ ജൂബിലി ദ. വിമോചനം പ്രാപിക്കുന്നതിനായി കുമ്പസാരിക്കുമ്പോൾ പോക്കാവുന്നതാണ്. എന്നാൽ ആർക്കെങ്കിലും നാമംതിരിച്ചുള്ളപള്ളിക്കുറവൊ,

വൈദിക കച്ചേരിയിൽനിന്നുള്ള മുടക്കോ ഉണ്ടായിരുന്നാൽ അവയിൽ നിന്നു മോചനം ലഭിക്കണമെങ്കിൽ, വരുത്തിയ ഉരുപ്പിനോ നഷ്ടത്തിനോ പരിഹാരം ചെയ്യുകയും, ഉടനെ ചെയ്യാൻ പാടില്ലാതിരുന്നാൽ കഴിയുംവേഗം ചെയ്തുകൊള്ളാമെന്ന് ഉറപ്പു നല്കുകയും വേണം.

൭. പ. പിതാവിനാൽ പ്രത്യേകമായി പിടിക്കപ്പെടാത്തതും, മൂന്നാമതൊരുത്തന്റെ അവകാശത്തിനു ഭംഗം വരാത്തതുമായ സകല രഹസ്യനേർച്ചകളേയും, സത്യം ചെയ്തുകൊണ്ടുള്ളവയായിരുന്നാലും, തക്കകാരണമുണ്ടെങ്കിൽ, ജൂബിലിക്രമപ്രകാരത്തിൽ വച്ച് ഒർബലപ്പെടുത്താവുന്നതാകുന്നു. പ്രായശ്ചിത്തനേർച്ചകളെ അതേ രൂപത്തിലുള്ള മറ്റു കൃത്യങ്ങളായി വകതിരുത്തുകയും ചെയ്യാം.

ഈ ജൂബിലി പൂ. ദ. വിമോചനം അഷ്ടത്തഡിസംബർ ൮-ാം തീയതിക്കകം വലപ്രാവശ്യം കൈക്കൊള്ളാവുന്നതും, തങ്ങൾക്കു തന്നെയോ മറിച്ചവക്കേണ്ടിയോ കാഴ്ചവെക്കാവുന്നതുമാണ്. എങ്കിലും പിടിക്കപ്പെട്ട പാപങ്ങളും നേർച്ചകളും സംബന്ധിച്ചുള്ള പ്രത്യേക വരങ്ങൾ ഒന്നാമത്തെ ജൂബിലിക്രമപ്രകാരത്തിൽവച്ചുമാത്രമെ ലഭിക്കാൻപാടുള്ളു.

പ്രിയസഹോദരരേ, സ്നേഹപ്പെട്ട മക്കളെ!

പ. പിതാവു് തിരുമനസ്സുകൊണ്ടു് അങ്ങേ പൈതൃകസ്നേഹ ലക്ഷ്യമായിനമുക്കു് പ്രദാനം ചെയ്തിരിക്കുന്ന അമൂല്യമായ ഈ ജൂബിലി നിക്ഷേപത്തിൽനിന്നും നിങ്ങൾ ധാരാളമായി അനുഭവിച്ചുകൊണ്ടു ഈ വിലയേറിയ അവസരത്തെ ഫലവത്താക്കിത്തീർക്കുമെന്നു് നാം വിശ്വസിക്കുന്നു.

ക്രൂശതെ, ഈ സപ്തതി ജൂബിലിയവസരത്തിൽ പ. പിതാവിനു പലോരാത്തിലായിവളരെ ചെലവുകൾ ഉണ്ടാകും. കത്തോലിക്കാലോകത്തിന്റെ എല്ലാഭാഗങ്ങളിൽ നിന്നും ഒട്ടേറെതിരുമുൽകാഴ്ചകൾ അവിടേയ്ക്കു സമർപ്പിക്കപ്പെടുകയും ചെയ്യും. സ്നേഹനന്ദി സൂചകങ്ങളായ ഈ കാഴ്ചകളുടെകൂട്ടത്തിൽ നമ്മുടെരൂപതയിലെ കത്തോലിക്കരുടെ സ്നേഹലക്ഷ്യം കൂടി വീക്ഷിക്കുന്നതു പ. പിതാവിനു സന്തോഷപ്രദമായിരിക്കയില്ലയോ? തിരുസിംഹാസനത്തോട് ഒരു കത്തോലിക്കനുണ്ടായിരിക്കേണ്ട ആദരവു, പിതാവിന്റെനേരെ പുലർത്തേണ്ട സ്നേഹം മുതലായവയും പുറമെ, മലയാളത്തിലെ കത്തോലിക്കരോട് പ. സിംഹാസനത്തിങ്കൽനിന്നും ഓരോ അവസരങ്ങളിൽപ്രദർശിപ്പിച്ചിട്ടുള്ളപ്രത്യേകവാത്സല്യം ഈ കൃതജ്ഞതാപ്രകാശനത്തിനു നമ്മെ ഉപരിയായി ചുമതലപ്പെടുത്തുന്നുമുണ്ട്. അതിനാൽ നമ്മുടെ രൂപത വകയായി ഒരു നല്ല സംഖ്യ ഈ സന്ദർഭത്തിൽ പ. പിതാവിനു സമർപ്പിക്കണമെന്നു നാംആഗ്രഹിക്കുന്നു. ഇതിനായി ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും പള്ളികളിൽ പ്രത്യേക പിരിവു നടത്തി ആ സംഖ്യ, ഓരോപള്ളികളിൽ നിന്നു അവസ്ഥാനുസരണം അഞ്ചു രൂപയിൽ കുറയാതെയും പന്ത്രണ്ടുരൂപയിൽ കൂടാതെയുമുള്ള സംഖ്യയോടുകൂടി അടുത്ത ജൂൺ മാസം ൨൫-ാംനു-ക്കകം ബ. വികാരിമാർ ഇവിടെ അയച്ചുകൊള്ളേണ്ടതാണു. ഇതുപക്ഷേ പൊതുവായി മാപ്പിളപ്രതിരുമനസ്സിലേക്കു സമർപ്പിക്കു

ന്ന മംഗളവർത്തമാനം കൂടി തിരുവായിൽ കൊണ്ടുതരുന്നതിനുള്ള സംഭാവനകൾ ചെയ്യുന്നവരുടെ പേരുവിവരവും ചേർക്കപ്പെടുന്നതായിരിക്കും. സകലവിശ്വാസികളും സഹകരിക്കുമെന്നുള്ള ഒരു വിശ്വാസമാണ് ഇതു്.

മാതൃകയ്ക്കായി 50 കൊല്ലം ഉദ്ദേശിച്ചു് 50 ആയിരം വി. കുർബാനയുടെ സ്വീകരണവുംകഴിച്ചു് പ. പിതാവിനു് സമർപ്പിക്കണമെന്നു് നാം ആഗ്രഹിക്കുന്നു. അതിനാൽ അതിരമ്പുഴവച്ചുള്ള വി. കു. കോൺഗ്രസിന്റെ പ്രാരംഭമായി ഈ തിരുപിതായിലെ എല്ലാപള്ളികളിലും മേയ് 5-ാം നു് ഒരു പൊതുകുർബാനകൈക്കൊള്ളുവാൻ നടത്തുകയും ഓരോപള്ളികളിലും കൈയ്യൊണ്ടസംഖ്യ ഇവിടെ അറിയിക്കുകയും വേണം.

ഈ അവസരത്തിൽ തിരിച്ചുപറയേണ്ട വേറൊരു സംഗതി കൂടിയുണ്ടു്. പ. പിതാവു് നവപൂജ അർപ്പിച്ച സാൻകാർലൊ എന്ന പള്ളിയിൽവച്ചു് വി. കുർബാനയുടെ ഒരു സംഘംനടത്തുന്നു എന്നുള്ളതാണു് ഇറ്റലിയിൽ ജൂബിലി പ്രമാണിച്ചുള്ള ഒരു വലിയ ആഘോഷം. അതിനാൽ വി. കുർബാനയുടെ ഒരു തിരുപിതാ കോൺഗ്രസു് നടത്തിയാൽ കൊള്ളാമെന്നു നമുക്കുണ്ടായിരുന്ന അഗ്രഹം പ്രവൃത്തിതിരുപിതായിൽ വരുത്തുന്നതിനു ഇതൊരു തക്ക അവസരമാണെന്നു നമുക്കു തോന്നുകയും, മാത്രമല്ലാ, അതിരമ്പുഴവച്ചുനടത്താനിരിക്കുന്ന കേരളീയ കത്തോലിക്കു് കോൺഗ്രസ്സിനോടനുബന്ധിച്ചു് ഈ മഹാ മഹവും നിർവ്വഹിക്കുന്നതു എല്ലാംകൊണ്ടുംസന്ദർഭോചിതമായിരിക്കുമെന്നു് നാം കരുതുകയും ചെയ്യുന്നു. അതിനാൽ, നമ്മുടെ കർത്താവിന്റെകരേറ്റത്തിരുനാളിന്റെ തലേദിവസം വി. കുർബാനയുടെ തിരുപിതാസംഘം അതിരമ്പുഴവച്ചുനടക്കുന്നതായിരിക്കും. ബഹു. അച്ചന്മാരും വിശ്വാസികളും കോൺഗ്രസ്സുകളിൽ താല്പര്യമായി സംബന്ധിക്കേണമെന്നു നാം ആഗ്രഹിക്കുന്നു.

ബഹു. സഹോദരരെ, പ്രിയവിശ്വാസികളെ!

അടുത്ത മേയ്, ജൂൺ എന്നീ രണ്ടുമാസങ്ങൾ നമ്മുടെപ്രത്യേക വണക്കത്തിനു വിശേഷിച്ചുവിടേണ്ടതാണെന്നു നിങ്ങൾക്കറിയാമല്ലൊ. പരിശുദ്ധകന്യകമറിയംവഴിയായിയേശുവിനെനാം കണ്ടെത്തേണ്ടതുപോലെതന്നെ, യോഗ്യമായ മേയ്മാസവണക്കം, ജൂൺമാസത്തിലെ തിരുഹൃദയഭക്തിയുടെസമുചിതാചരണത്തിനു നിങ്ങളെ ഒരുക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു് ബാവായുടേയും പുരോഹിതരുടേയും ഗാഢമായ പ്രാർത്ഥനകളിൽ എല്ലാവരേയും നാം ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

23—4—29 } കാതോലിക്കാ ജയിംസു,
വി. ഗീവറുഗീസുതിരുനാൾ } ചങ്ങനാശ്ശേരി തിരുപിതായുടെ മെത്രാൻ

[illegible]

[illegible]

സൂചന:—ഈ കല്പന അടുത്ത രണ്ടു ഞായറാഴ്ചകളിൽ ഏടുത്തുചൊല്ലിക്കഴിഞ്ഞു പള്ളികളിൽ വായിച്ചുകൊള്ളണം.

മംഗളം

അജ്ഞാനാന്ധകാരത്തിൽ ശുഭവഴിയറിയാ
തുഴലുമിടുമ്പോഴും
സജ്ജനമാർഗ്ഗമിതെന്നാനന്ദത്തോടെ കാട്ടും
കണ്ണിനാലോകമേകി
വിജ്ഞാനവൈഭവത്തിൽ പിഴയ്ക്കുന്നിയ
തിലതാന്തം, സുലോകം ചൊരിയുവാൻ
സജ്ജാതം, കാട്ടിനിന്നാൽ വിലസുകയിളയിൽ
മാസിഡോ! മംഗളാഭം.

(ജെ. ജോസഫ് പനവേലിൽ.)

മാതൃസ്തോത്രങ്ങൾ

(ജോൺ കുഴുൻ പൊടിമറ്റം, മരങ്ങാട്ടുപിള്ളി)

ചന്ദ്രലമായ് എന്ന മട്ട്.

1. ജന്മപാപക്കറയറ്റ മേരിനാഥേ!—തവ
നന്മകടാക്ഷത്താലിവനെ നിറയ്ക്കുക.
യേശുവിന്റെ അമ്മേ! നാഥേ! എങ്ങനെയെൻ — നിന്റെ
കൃപാകടാക്ഷത്താൽ സദാ കാത്തിടുക
നിൻസുതനോടർത്ഥിച്ചെന്ന വേഗം നിങ്ങൾ — പാർ
ത്താരിലെത്തിച്ചീടുവാനൊരുങ്ങയച്ചെയ്യ
മേരിനാഥേ! യേശുമാതേ! മമമാർഗ്ഗത്തിൽ — എന്നെ
ദോഷങ്ങളിൽ നിന്നെപ്പോഴും രക്ഷിക്കുക.

നന്മ നിറഞ്ഞ മറിയമേ
(അല്ലിയെൻറും എന്ന മട്ട്).

2. നന്മയാലലങ്കരിക്കുകയാം മാതേ! മേരീ! സ്വസ്തി = സ്വസ്തി
ദൈവസുതൻ നിന്നുദരേ - സ്ത്രീകളിലനുഗ്രഹിതേ.
കന്യമേരി! ലോകനാഥേ! നിന്നുദരജാതനായ
ദൈവസുത - നാകുമീശോ - സുതിപാത്രനായീടണേ.
ശുദ്ധയാകുംമാതേമേരീ! യേശുമാതാവാകും നാഥേ!
പാപികളാം നിൻസുതക്കായ് ഇപ്പോഴേക്കുമപ്പോഴും തായേ
അന്ത്യനേരത്തിലും നിൻസുതന്റെ തിരുസന്നിധിയിൽ
പ്രാർത്ഥിക്കണീ = ഞങ്ങൾക്കായി = നാഥേ! മേരീ! തായേ!

ആമ്മേൻ

പുസ്തകാഭിപ്രായം.

൧ ശാരദാ ൨-ാം ഭാഗത്തിന്റെ രണ്ടാം പതിപ്പു സന്തോഷം കൈപ്പറ്റിയിരിക്കുന്നു. ഒരു സ്വതന്ത്രകൃതി നിർമ്മിക്കുന്നതിനേക്കാൾ അപ്പുണ്ണിസ്ഥിതിയിൽ കിടക്കുന്നേ അന്യകൃതി പൂർത്തിയാക്കുന്നതിനു വളരെ അധികം പ്രയാസമുണ്ടെന്നുള്ള കേരളപാണിനിയുടെ അഭിപ്രായം എത്രയും പരമാർത്ഥമായിട്ടുള്ളതാകുന്നു. ഈസ്ഥിതിക്കു സ്വപ്രയോജനായ ഒരു സാഹിത്യകാരന്റെ തൂലികയുന്തുമാത്രമേ ഏതാദൃശ വ്യവസായത്തിൽ കൈവയ്പ്പാൻ സാധിക്കയുള്ളുവെന്നു സ്പഷ്ടം തന്നെ. ഇന്ദുലേഖാകർത്താവായ ദിവാൻബഹദൂർ ഒ. ചന്തുമേനോന്റെ ശാരദയെ പൂരിപ്പിക്കുന്നതിനു യോഗ്യത കേരളകവികളുടെകൂട്ടത്തിൽ രണ്ടേരണ്ടുപേർക്കേ ഉള്ളുയെന്നുള്ള കവി സാർവ്വഭൗമൻ ഉള്ളൂർ അവർകളുടെ അഭിപ്രായം തികച്ചും ആദരണീയമാണെന്നു പുനഃകല്പസിദ്ധീകരണത്തിനുശേഷംകേരളപത്രങ്ങളിൽസാഹിത്യകാരന്മാരും പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായവീഥി സമീക്ഷണം ചെയ്യുന്നവർക്കും എതൊരുനിർമ്മത്സരകക്ഷിയും സമ്മതിക്കുന്നതാണ്. ചിലഅന്യായാക്ഷരങ്ങൾ മുക്കിലുംമൂലയിലുംഇരുന്നുപൂർത്തീകരണം വിജയമായില്ല എന്നുപറഞ്ഞിട്ടുള്ളതിൽഞങ്ങൾക്കുലേശവും വിസ്മയമില്ല. ശ്രീമാൻ അന്തപ്പായിയുടെ വിജയത്തിൽ അദ്ദേഹത്തെ ഞങ്ങൾഹാർദ്ദമായി അനുമോദിക്കുന്നതിനോടെ അദ്ദേഹത്തിന്റെ തൂലികയിൽ നിന്നും ഒരു സ്വതന്ത്രനോവൽ പുറപ്പെടുകാണണമെന്ന ഞങ്ങൾ അനുനിമിഷം ചെയ്തിരുന്ന അപേക്ഷയെ ഒരിക്കൽക്കൂടി അവർത്തിച്ചുകൊള്ളുകയുംചെയ്യുന്നു.

൨ എൻ. ജെ. ശ. മാവുങ്കൽ അവർകളാൽവിരചിതമായ "ഈശോ സഹവാസം" എന്ന ലഘുപുസ്തകം ഞങ്ങൾ ഒരുപരിവർത്തിച്ചുനോക്കി. വിശുദ്ധ കുർബാനയോടുള്ളഭക്തി ജനതാമധ്യത്തിൽ പ്രചരിപ്പിക്കുവാൻ ഈ പുസ്തകം ഒരുത്തമയായുധമാണെന്നു ഞങ്ങൾക്കു അഭിപ്രായമുണ്ട്. ലളിതമായ ഭാഷയിൽ ഭംഗിയായി "മാർത്തോമ്മാ സുവിശേഷമേമോറിയൽ" പ്രസ്സിൽ നിന്നും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ഈ ലഘുപുസ്തകം എല്ലാവരും വരുത്തി വായിക്കേണ്ടതാണ്.

മൂലകൃതി ഇന്നതാണെന്നും വിലഎന്തായെന്നും അടുത്ത പതിപ്പിൽ ചേർത്തുകാണ്മാനാഗ്രഹിക്കുന്നു.

൩ കവിതാരാമം (ശ്രീമതി മേരി ജോൺ തോട്ടാ)

"നടന്നിടുന്ന ജനിതാ വിശാലമായ ലോകമേ!
കടന്നു പോയിടുന്ന ഞാൻ സ്വദേശമേ! ജനങ്ങളെ!
മടങ്ങി വന്നിടാത്ത യാത്രയാണിതെന്നിരിക്കിലും
തടഞ്ഞിടാതനുഗ്രഹിച്ചയയ്പ്പുവാൻ തൊഴുന്നു ഞാൻ"

എന്നിങ്ങനെ കവയത്രി തൊഴുകൈയ്യോടുകൂടി 'തോട്ട'ത്തിലെ കവിതാ കുസുമങ്ങളെ അറുത്തെടുത്തു മാലാകെട്ടിസാഹിത്യരസികന്മാരെ

അഭിവാദനം ചെയ്യുന്നകാര്യമാണ്. 'കവിതാരാമം' വായിച്ചപ്പോൾ ഞങ്ങളുടെ മനോമുകുരത്തിൽ പ്രതിബിംബിച്ചതെന്ന സംവൃതം രേഖപ്പെടുത്തിക്കൊള്ളുന്നു.

കവിതാരാമം ന്നാസ്സ്യ ജോൺ പീറർ തോട്ടം ബി. എ. അവർകളുടെ പകൽ കിട്ടുന്നതാണ്.

മഹാത്മാവായമാർഒയൗസേപ്പിന്റെ ജീവചരിത്രം.

അദ്ധ്യായം ന്നു.

ബാല്യപ്രായം

൧ വിവേകവുംമനോഗാഢ്മയുമ. നമ്മുടെ യൗസെപ്പിന് ഏഴു വയസ്സു പൂർത്തിയായി. എന്നാൽ ൦ വയസുള്ളവരേക്കാൾ അധികം വിവേകം എല്ലാ കാര്യങ്ങളിലും പ്രദർശിപ്പിച്ചിരുന്നു. സ്വന്തം പിതാവു പോലും അധികം വിഷമമുള്ള സംഗതികളിൽ യൗസേപ്പുകുട്ടിയുടെ അഭിപ്രായം പോലെ പ്രവർത്തിക്കുന്നതു ഏറ്റവും ഫലപ്രദമാണെന്നു വേഗം മനസ്സിലാക്കി. എന്നാൽ വളരെ വിനയത്തോടെയാണു നമ്മുടെ വി. ബാലൻ അഭിപ്രായം പറഞ്ഞിരുന്നത്. എന്റെ എളിയ അഭിപ്രായം അവിടുന്നു കല്പിച്ചു ചോദിച്ചതുകൊണ്ടു പറഞ്ഞുന്നേയുള്ളൂ. അല്ലാതെ ഞാൻ ആലോചിച്ചിട്ടു അവിടുത്തെ മനസ്സുപോലെ പ്രവർത്തിക്കുന്നതാണു എനിക്കു സന്തോഷം എന്നുംമറ്റുമുള്ള മുഖവുരക്രമത്തെ ഒരിക്കലും അഭിപ്രായം പറഞ്ഞിട്ടില്ല. ബാലനായ തന്നോടു പിതാവിങ്ങനെ ഏതുകാര്യങ്ങളിലും ആലോചിച്ചിരുന്നതുകൊണ്ടു യൗസേപ്പിനു അവർണ്ണ്യമായ ലജ്ജയും സംഭ്രമവും തോന്നിയിരുന്നു.

൨. ദൈവം അയച്ചുകൊടുത്ത കെട്ടു ഒരുരാത്രിയിൽ നമ്മുടെ യൗസെപ്പു നിദ്രയിലായിരുന്നപ്പോൾമാലാക്കാ ദൃശ്യനായി ഒരു അഴകേറിയ ഭാരക്കെട്ടു കാണിച്ചുകൊണ്ടു "ഇതു ദൈവം നിന്റെ നിത്യ ജ്ഞാനമിച്ഛാപ്രതിജ്ഞയിൽ പ്രസാദിച്ചിരിക്കുന്നതിന്റെ ലക്ഷ്യമായി നിനക്കു സമ്മാനിക്കുന്നതിനു അയച്ചു തന്നിട്ടുള്ളതാണ്. നിന്റെ പ്രതിജ്ഞാനുസരണം ജീവിക്കുന്നതിനുവേണ്ടിയ സകല സഹായങ്ങളും ദൈവം നിനക്കു നിശ്ചയമായി തരുമെന്നതിനു ഒരു അടയാളമായി ഈ ഭാരക്കെട്ടു നീ സദാ ധരിച്ചുകൊൾകാ" എന്നുപറഞ്ഞു ഭാരക്കെട്ടു യൗസെപ്പിനെ എല്പിച്ചുടൻവച്ചു മാലാക്കാ മറഞ്ഞുപോയി. നമ്മുടെ വി. ബാലൻ ഉടനെ ഉണർന്നു പ്രസ്തുതകെട്ടു അരയിൽ ഉറപ്പിക്കുകയും ദൈവ

ത്തിനു ഉപകാരസ്മരണപ്രദർശിപ്പിക്കുകയുംചെയ്തു. ഈസ്വർഗ്ഗീയഅരക്കെട്ടിന്റെ ഫലമായി വിശ്രമിക്കുവിരോധമായി ഒരു പരീക്ഷപോലും യൌസെപ്പിനു മരണംവരെയുണ്ടായില്ല. മറ്റുകുട്ടികളിൽ യൌസെപ്പിനെ കഠിനമായി പരീക്ഷിക്കുന്നതിനു വിശാചിനു സാധിച്ചെങ്കിലും ചാരിത്രശുദ്ധി എന്ന വിഷയത്തിൽപരീക്ഷിക്കുന്നതിനുസാധിച്ചില്ല.

൩. ഒരു മഹാവാഗ്ദാനം മറെറാരിക്കൽ യൌസെപ്പിന്റെ മാതാപിതാക്കൾ പ്രത്യക്ഷനായി ദൈവം അവനു അതിശ്രേഷ്ഠമായ ഒരു ദാനം നൽകുവാൻ തിരുമനസ്സായിയിരിക്കുന്നു എന്നറിയിച്ചു. എന്നാൽ അതുഎന്തായിരിക്കും എന്നറിയിച്ചില്ല. ദാനംസ്വീകരിക്കുന്നതിനു യോഗ്യതഉണ്ടാകുവാനായിതീക്ഷ്ണതയോടെ പ്രാർത്ഥിക്കണമെന്നുമാത്രം ഉപദേശിച്ചു. ഈദാനം വ. കന്യക മറിയംതന്നെയായിരുന്നു. നമ്മുടെ വി. അതുഅറിഞ്ഞില്ലെങ്കിലും മ്ശിഹായുടെ ആഗമനം ഏറ്റം സർവ്വപ്രധാനമായ വിഷയം കഴിഞ്ഞാൽ പിന്നെ ഏറ്റം തീവ്രമായി താൻ അപേക്ഷിച്ചിരുന്നതു മാലാഖാ സൂചിപ്പിച്ച വിശിഷ്ട ദാനത്തിനുവേണ്ടിയായിരുന്നു. പ്രസ്തുത രണ്ടുകാര്യങ്ങളും അപേക്ഷിക്കുന്ന സമയത്തൊക്കെയും അത്യധികമായ ആനന്ദം യൌസെപ്പു അനുഭവിച്ചു.

൪. അത്ഭുത ബോധപ്രകാശനം. ഒരുദിവസം മിശിഹായുടെ വരവിനേകുറിച്ചു നമ്മുടെ വി. ബാലൻ ധ്യാനിച്ചിരിക്കെ ക്രീസ്തുവിന്റെ അദ്ധ്യാത്മിക സ്വഭാവം സംബന്ധിച്ചു പെട്ടൊന്നൊരു ബോധപ്രകാശനമുണ്ടായി. മിശിഹായുടെ പ്രധാന പുണ്യങ്ങൾ മനോതാഴ്മയും ശാന്തശീലവും ആയിരിക്കുമെന്നു ഗ്രഹിച്ചു. അതിൽപിന്നെ പ്രസ്തുത രണ്ടു പുണ്യങ്ങളും മറുള്ളവയെ അപേക്ഷിച്ചു കൂടുതൽ ശ്രദ്ധാന്തിയായി അഭ്യസിച്ചു കരസ്തമാക്കുന്നതിനു ശ്രമിച്ചു.

൫. പെസഹായ്ക്കു യെരുശ്ലേം ദേവാലയം സന്ദർശിക്കുന്നു.

പെസഹാപെരുനാൾ എല്ലായ്പോഴുമുള്ളതിൽ ഏറ്റം വലിയ മഹോത്സവമായിരുന്നു. അതു ആഘോഷിക്കുവാനായി യൂദന്മാർ നാനാഭാഗങ്ങളിൽനിന്നും യെരുശ്ലേം പട്ടണത്തിൽ ഒന്നിച്ചുവരിക പതിവായിരിന്നു. ത്രിരിച്ചറിവിന്റെ പ്രായം അയിരുന്നതിനാൽ നമ്മുടെ യൌസെപ്പുകുട്ടിയേയും മാതാപിതാക്കന്മാർ പ്രസ്തുത മഹോത്സവത്തിനു യെരുശ്ലേമ്മിക്കു കൂട്ടികൊണ്ടുപോകുന്നതിനു നിശ്ചയിച്ചു. വിവരമറിഞ്ഞു കുട്ടി വളരെ സന്തോഷിക്കുകയും അനേകം പ്രാർത്ഥനകളും ഉപവാസങ്ങളും കഴിച്ചു തിരുനാൾ ഘോഷത്തിനായി തയാറാവുകയും ചെയ്തു. ദേവാലയത്തിൽ ചെന്നയുടനെ യഹോവായുടെ സന്നിധിയിൽ മുട്ടുകുത്തി രണ്ടുമൂന്നു മണിക്കൂർ തുടരെ പ്രാർത്ഥിച്ച കളിപ്രായം കഴിഞ്ഞിട്ടില്ലാത്ത ഈ കൊച്ചൻ ഇത്ര തീവ്രതയോടെ നമസ്കരിക്കുന്നതുകണ്ടു വള്ളിയിൽ കുടിയിരുന്നവരെല്ലാം വളരെ ആശ്ചര്യപ്പെട്ടു. എന്നാൽ യൌസേപ്പു പ്രാർത്ഥിച്ചതു ക്രീസ്തുവിനെ യാഹോവാ വേഗംഅയയ്ക്കണമെന്നുതന്നെയ്ക്കു ദൈവം വാഗ്ദാനം ചെയ്തിരുന്ന വിശേഷ നന്മ ലഭിക്കുന്നതിനു യോഗ്യത ഉണ്ടാകണമെന്നുമായിരുന്നു. (തുടരും)

രണ്ടാമത്തെ ആഗമനം.

(റവ. ഫാദർ മാത്യു പുരയ്ക്കൽ എം. എ.)

കത്തോലിക്കാ തിരുസഭ കൊണ്ടാടുന്ന തിരുനാളുകളിൽ ഏറ്റവും മുഖ്യമായത് നമ്മുടെ രക്ഷനാഥന്റെ ഉത്ഥാനമാകുന്നു. അതുകഴിഞ്ഞുള്ള സ്ഥാനം ൩൦-ാം പെരുനാൾ എന്നു പറഞ്ഞു വരുന്ന ക്രൂഹാദക്കുദശായുടെ തിരുനാളിനാണു. അന്നത്തെ കുർബാനയിൽ ഇപ്രകാരം വായിക്കപ്പെടുന്നു. ഈശോ മറുപടിയായിട്ടഅയാളോടു അരുളി ചെയ്തതായത്: "യാതൊരുത്തൻഎന്നെ സ്നേഹിക്കുന്നു എങ്കിൽ,അവൻ എന്റെ വചനം കാത്തുകൊള്ളും. എന്റെ പിതാവും അവനെ സ്നേഹിക്കും. അതുമല്ല, ഞങ്ങൾ അവന്റെ അടുക്കൽ വരികയും അവനോടുകൂടി വസിക്കുകയും ചെയ്യും. എന്നെ സ്നേഹിക്കാത്തവൻ എന്റെവചനങ്ങളെ കാക്കുന്നില്ല. വിശേഷിച്ചും നിങ്ങൾ കേട്ടവചനം എന്റേതല്ല, എന്നെ അയച്ചപിതാവിന്റേതത്രെ. ഞാൻ നിങ്ങളോടുകൂടെ വസിച്ചിരിക്കയിൽ ഇവയെ നിങ്ങളോടു പറഞ്ഞു. എന്നാൽ പിതാവു എന്റെ നാമത്തിൽ അയപ്പാനിരിക്കുന്ന പരിശുദ്ധാത്മാവായ ആശ്വാസപ്രദൻ സകലവും നിങ്ങളെ പഠിപ്പിക്കയും, ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളവ ഒക്കെയും നിങ്ങളെഓർമ്മിപ്പിക്കയുംചെയ്യും. ഞാൻ സമാധാനം നിങ്ങൾക്കുവെച്ചേക്കുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരുന്നതു പോലയല്ല ഞാൻ നിങ്ങൾക്കു തരുന്നതു്. നിങ്ങളുടെഹൃദയം കലങ്ങുകയും ഭയപ്പെടുകയും വേണ്ട. ഞാൻ പോവുകയും തിരികെ നിങ്ങളുടെ അടുക്കലേക്കു വരികയും ചെയ്യുന്നുഎന്നു ഞാൻ നിങ്ങളോടു പറഞ്ഞതു നിങ്ങൾ കേട്ടുവല്ലോ. നിങ്ങൾ എന്നെ സ്നേഹിച്ചിരുന്നെങ്കിൽ ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ടു, സംശയമെന്യെ നിങ്ങൾ സന്തോഷിക്കുമായിരുന്നു. എന്തുകൊണ്ടെന്നാൽ പിതാവു എന്നേക്കാൾ വലിയവനാകുന്നു. എന്നാൽ അതു സംഭവിക്കുമ്പോൾ നിങ്ങൾ വിശ്വസിക്കേണ്ടതിനായിട്ടു സംഭവിക്കുംമുൻപു്, ഇപ്പോഴെ ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു. ഇനി ഞാൻ നിങ്ങളോടുകൂടി അധികം സംഭാഷിക്കയില്ല. എന്തെന്നാൽ ഈലോകത്തിന്റെ പ്രഭു വരുന്നുണ്ടെങ്കിലും അവന്നു് എന്നിൽ യാതൊന്നുമില്ല. എന്നാൽ ഞാൻ പിതാവിനെ സ്നേഹിക്കുന്നു. എന്നോടു കല്പിച്ച പ്രകാരം തന്നെ ഞാൻ ചെയ്യുന്നു എന്നും ലോകം അറിയേണ്ടതിന്നത്രേ. എഴുനേല്പിൻ നമുക്കു ഇവിടെനിന്നു പോകാം" യോ. ൧൪. ൩൧.

വേദപുസ്തകത്തിൽ മൂന്നു ആഗമനങ്ങളെക്കുറിച്ചു പറഞ്ഞു

കാണുന്നുണ്ട്. ഒന്നാമത്തതു ലോകരക്ഷകന്റെ മനുഷ്യാവതാരത്തെ ഉദ്ദേശിച്ചാണു. "ദൈവം തന്നെ വന്നു നിങ്ങളെരക്ഷിക്കും" ഏശ. ൩൫. ൪. "ഞാൻ എന്നെ അയച്ച എന്നു ലോകം അറിവാൻ വേണ്ടി." യോ. ൧൪. ൩൧: രണ്ടാമത്തതു പരിശുദ്ധാത്മാവിയുടെവരവിനെഅറിയിക്കുന്നു. "പിതാവിൽ നിന്നു ഞാൻ നിങ്ങൾക്കു അയക്കുന്ന അശ്വാസപ്രദൻ വരുമ്പോൾ"(യോ. ൧൫- ൨൬.) മൂന്നാമത്തേതു, ഒടുവിലത്തെ വിധി ദിവസത്തിൽ ലോകത്തെ വിധിപ്പാനായിട്ടുള്ള മിശിഹാ തമ്പുരാന്റെ വരവാകുന്നു. "മേഘങ്ങളിൽ മനുഷ്യ പുത്രൻ വരുന്നതു് നിങ്ങൾകാണും." (മത്താ. ൨൪-൩൦.) ഇവയിൽ രണ്ടാമത്തെ ആഗമനത്തെയാണു പന്തക്കുസ്താ ഞായറാഴ്ചനാൾ നാം അനുസ്മരിക്കുന്നതു. മെസ്രേന്റെ അടിമത്വത്തിൽഇസ്രായേൽജനം വിമോചിക്കപ്പെട്ടു ൫൦ ദിവസംകഴിഞ്ഞപ്പോൾ സീനൈമലയിൽ വെച്ചു മിന്നൽപിണരുകൾക്കിടയിൽ ദൈവംഅവക്കു പ്രമാണത്തെ നൽകിയതുപോലെതന്നെസാത്താന്റെ നുകത്തിൻകീഴിനിന്നും മനുഷ്യവർഗ്ഗത്തെസ്വതന്ത്രമാക്കിയ ലോകരക്ഷിതാവു ഉത്ഥാനം ചെയ്തിട്ടു ൫൦ ദിവസം കഴിഞ്ഞപ്പോൾ തീനാക്കിൻ രൂപത്തിൽ പരിശുദ്ധാത്മാവു അയക്കപ്പെട്ടതുകൊണ്ടത്രേ ഗ്രീക്കുഭാഷയിൽ ൫൦-ാമത്തെ എന്നർത്ഥമുള്ള പന്തക്കുസ്താ എന്നപേരു ഈ തിരുനാളിനുണ്ടായതു്.

മേൽപറഞ്ഞ മൂന്നുവരവുകൾക്കും വെവ്വേറെയുള്ള ഉദ്ദേശ്യങ്ങളുണ്ടു. ആദ്യത്തെ വരവു തോട്ടം ഒരുക്കി വിത്തുവിതയ്ക്കുന്നതിനും നട്ടുന്നതിനുമുള്ള വരവായിരുന്നു. "ഈ പാറമേൽ എന്റെ പള്ളിയെ ഞാൻ പണിയും". മത്ത. ൧൬–൧൮. "പിതാവു എന്നെ അയച്ചതുപോലെഞാൻ നിങ്ങളേയും അയയ്ക്കുന്നു. ആകയാൽ നിങ്ങൾലോകം മുഴുവനിലുംപോയി സകലസൃഷ്ടികളോടും സുവിശേഷം അറിയിപ്പിൻ!" മർക്കോ ൧൬ -൧൫ "ഞാൻ മുന്നിരിതണ്ടും നിങ്ങൾ ശിഖരങ്ങളുമാകുന്നു". യോഹ. ൧൫–൫. "ഞാൻമാർഗ്ഗമത്രെ." യോ–൧൪:-൬ മിശിഹാതമ്പുരാൻതെളിച്ചമാർഗ്ഗത്തിൽക്രൂടെനടക്കുന്നവർക്കു വഴികാണിക്കുക, ശക്തിനൽകുക, സത്യവിശ്വാസത്തിനുവളമിട്ടുറപ്പുവരുത്തുക, രക്ഷകന്റെദിവ്യോദ്ദ്യാനത്തിൽ മുളയ്ക്കുന്ന കളകളെ മുട്ടുനശിപ്പിക്കുകമുതലായവ രണ്ടാമത്തെവരവിൽപരിശുദ്ധാത്മാവിനമ്മിൽനടത്തേണ്ടകൃത്യങ്ങളാകുന്നു. തിരുസഭയെ നിരന്തരമായും അപ്രമാദമായും പരിപ്പിക്കുന്നതു പരിശുദ്ധാത്മാവാണു്. "പാപത്തെ കുറിച്ചു അയാൾലോകത്തെ ശാസിക്കും" യോ. ൧൬–൮.

പരിശുദ്ധാത്മാവു തോന്നിച്ചതനുസരിച്ചു വിവിധഭാഷകളിൽ അവർപ്രസംഗിച്ചു." നട. ൨–൪. രാജാക്കന്മാരുടേയുംഅധികാരികളുടേയും മുമ്പാകെ സത്യത്തെഅദരിച്ചു വേദത്തെപ്രതി ജീവൻവെടിയുന്നതിനു ധൈര്യമാക്കും വേദ സാക്ഷികൾക്കും ധൈര്യം നൽകിയതു ആരാണ്? "നമ്മുടെ ബലഹീനതയെ പരിശുദ്ധാത്മാവു താങ്ങുന്നു." റോ–൮–൨൬. പ്രസംഗം, ജ്ഞാനവായന, ആദിയായവ വഴിയായും മറ്റുവിധത്തിലും നമുക്കുണ്ടാകുന്ന നല്ല വിചാരങ്ങളെ പ്രവൃത്തിയിൽ കൊണ്ടുവരുന്നതിനുള്ള നല്ലമനസ്സും ഉത്സാഹവും നൽകുന്നതു പരിശുദ്ധാത്മാവത്രെ. ത

ൻമൂലം കൃഷ്ണദശാ അഗ്നിയോടും, എണ്ണയോടും, ജലത്തോടും സാമ്യപ്പെടുത്തപ്പെട്ടിരിക്കുന്നു. ബോധത്തിനു പ്രകാശവും ഹൃദയത്തിനു ചൂടും നൽകുന്നു. കൃഷ്ണഭക്തശാതമൂരാനെ നീ എഴുന്നള്ളി വരിക എന്നുള്ള പ്രാർത്ഥനയിൽ കൃഷ്ണഭക്തദശായുടെ പ്രവൃത്തികൾ ഒരുവിധംപറഞ്ഞിട്ടിട്ടുണ്ട്. സാരമായ ഏതുപ്രവൃത്തിക്കും മുമ്പുതിരുസ്സന്നിധിയിൽ കൃഷ്ണഭക്തദശായുടെ വെളിവ് അപേക്ഷിക്കുക പതിവാണു. അപ്രകാരം ചെയ്യുന്നതിനു തന്റെ അടുക്കലോട്ട് ഉപദേശിക്കുകയും ചെയ്യുന്നുണ്ട്. മൂന്നാമത്തേതായ കടശ്ശി ദിവസത്തിലെ വരവ് കൊയ്ത്തുവിളവു എടുക്കുന്നതിനും കൂലി കൊടുക്കുന്നതിനുമുള്ളവരവാണു. സ്നേഹത്തോടെ നടുകയും അനുഗ്രഹത്തോടെ വളമിട്ടു നനയ്ക്കുകയും ചെയ്തതിന്റെ ഫലം ശേഖരിക്കുന്നതിനായി നീതിയോടേ ആണു അനുവദിക്കുന്നത്. "മണികളെ അറയിൽ ശേഖരിക്കുന്നതിനും പതിരിനെ അഗ്നിയിൽ ദഹിപ്പിക്കുന്നതിനുംതാൻ പറയും." മത്താ. ക്രമ-നാ-ഠ. "ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കനുസരണമായിപ്രതിഫലംനല്കും". റോമാ. ഛ-ന്യ. "നിന്റെ കാര്യംവിചാരിപ്പിന്റെ കണക്കു തരിക." ലൂ. ക്രന്യ-ഛ. "ദൈവേഷ്ടപ്രസാദം വഴിയായിട്ടാണ് കൃഷ്ണഭക്തദശായുടെ ആലയമാകുന്നതെന്നു നിങ്ങൾ അറിയുന്നില്ലയോ?" ക്രോ. ന്യ. ര. ദൈവാനുഗ്രഹങ്ങളെല്ലാം നമുക്കു ദാനം ചെയ്യുന്നതായാൽ കൃഷ്ണഭക്തദശായാകുന്നു. ഇഷ്ടപ്രസാദം വഴിയായി നാം എത്രത്തോളവും കൃഷ്ണഭക്തദശായോടു യോജിച്ചിരിക്കുമോ അത്രത്തോളവും ദൈവത്തോടുള്ള ഐക്യവും ഹൃദയസമാധാനവും സന്തോഷവും നമ്മിൽ ഉണ്ടായിരിക്കയും ദൈവനന്മകൾ കൂടുതലായി നമുക്കുണ്ടാകയും ചെയ്യുന്നു. പാപദോഷംകൃഷ്ണഭക്തദശായോടുള്ള നമ്മുടെ ബന്ധത്തിനു അയവുവരുത്തുന്നു. പാപദോഷംകൃഷ്ണഭക്തദശായിൽ നിന്നുനമ്മെ മുഴുവനായിഅകറ്റുകയും കൃഷ്ണഭക്തദശായെ നമ്മിൽ നിന്നുഓടിച്ചു കളയുകയും ചെയ്യുന്നു. ദൈവേഷ്ടപ്രസാദംആത്മാവിന്റെ ജീവനായിരിക്കയാൽകൃഷ്ണഭക്തദശായും അങ്ങെ ഇഷ്ടപ്രസാദവും നമ്മിൽ നിന്നു പോകുമ്പോൾ ആത്മാവു മരിക്കയും പിശാചു അതിൽ പ്രവേശിക്കയും ചെയ്യുന്നു.

അതിനാൽ വിശ്വാസം വഴിയായി ദൈവകുമാരൻ നമ്മിൽ വിതച്ചിരിക്കുന്ന ജ്ഞാനവിത്തിനെ നാം സൂക്ഷിച്ചു കൃഷ്ണഭക്തദശായുടെ സഹകരണത്തോടുകൂടെ മുളപ്പിച്ചും വളമിട്ടും നനച്ചും പുണ്യഫലങ്ങൾ പുറപ്പെടുവിക്കണം. അല്ലെങ്കിൽ വിളവെടുപ്പാനായുള്ള തോട്ടക്കാരന്റെ മൂന്നാമത്തെ വരവിൽ ഫലം പുറപ്പെടുവിക്കാത്ത വൃക്ഷമെല്ലാം വെട്ടി തീയിലിടപ്പെടും". മത്താ. ന-ക്രാ.

നമ്മുടെ
താൽക്കാലികാവശ്യങ്ങൾ.

(ഗ്രിഗോരി സി. തൈച്ചേരിൽ ബി. ഏ.)

"നമ്മുടെ" എന്ന പദം അതിന്റെ വ്യാപകമായ അർത്ഥത്തിൽ സമുദായത്തേയോ, സഭയേയോ, രാജ്യത്തേയോ പൊതുവായി പരാമർശിക്കുന്നതായി പരിഗണിക്കപ്പെടാമെന്നിരുന്നാലും ഇവിടെ പ്രസ്തുത പദം അതിന്റെ ഏറ്റവും വ്യാപ്തിയായ അർത്ഥത്തിൽ മാത്രമാണ് പ്രയോഗിച്ചിട്ടുള്ളതു്. "കേരളീയ കത്തോലിക്കാ യുവാക്കന്മാരുടെ" എന്നാണ് ഇവിടുത്തെവിവക്ഷ.

യാതൊരു വിധമായ പോരായ്മകൾക്കും വിധേയനല്ലാത്ത ഒരാളിനേയാണല്ലോ "സംപൂർണ്ണൻ"(A Perfect Man) എന്നു നാം അഭിസംബോധനംചെയ്യാറുള്ളതു്. ഈ പരമാർത്ഥംആലോചിക്കുമ്പോൾ പ്രസ്തുത അഭിധാനത്തിനു നമുക്കാർക്കും തന്നെ അർഹത ഇല്ലെന്നും നാം ബഹുവിധങ്ങളായ ന്യൂനതകൾക്കും അധീനരാണെന്നും സ്പഷ്ടമാകും. ഈ പോരായ്മകൾ എന്നല്ലാമെന്നാരായുകതന്നെ. കത്തോലിക്കസഭ ഏകസത്യസഭയെന്നും നിത്യരക്ഷയ്ക്കുള്ള ഏക മാർഗ്ഗമെന്നും സഭാമാതാവു ഉച്ചൈസ്വരം ഉൽഘോഷിക്കുകയും നാം സബഹുമാനം വിശ്വസിക്കുകയും ചെയ്യുമ്പോഴും. മഹത്തരമായ ഈ വിശ്വാസത്തിനനുസൃതമായ പ്രവൃത്തി നമ്മിൽ ഇല്ലെന്നു സവ്യഥം പ്രസ്താവിക്കാതെ ഗത്യന്തരമില്ല. ഇതുതന്നെയാണ് നമ്മുടെ പോരായ്മകളിൽ സുപ്രധാനമായതു്. പ്രവൃത്തിയാൽപ്രകടിപ്പിക്കപ്പെടാത്ത വിശ്വാസത്തിനെന്തു വിലയാണുള്ളതെന്നു പര്യാലോചിപ്പിൻ. "പ്രവൃത്തി കൂടാതെയുള്ള വിശ്വാസം ചത്തതാകുന്നു." എന്നാണല്ലോമഹദ്വാക്യം. അതുകയാൽ നമുക്കു നമ്മുടെ വിശ്വാസദാർഢ്യത്തെ ബാഹ്യ പ്രവൃത്തികളാൽ പ്രകടിപ്പിക്കുകയും, തദ്വാരാ ഇതര മതസ്ഥരേ സത്യ സഭയിലേക്കാകർഷിക്കുകയും ചെയ്യാം. വൈദികാധികാരത്തോടും അധീനതന്മാരോടുമുള്ള നമ്മുടെ അനുസരണയില്ലായ്മ, അനുദിനപ്രാർത്ഥനകൾ, ദിവ്യപൂജ, ദിവ്യകുദാശാസ്വീകരണംഇത്യാദികളിൽ നാം പ്രദർശിപ്പിക്കുന്ന അനാസ്ഥ, നമ്മിൽ പലർക്കും വൈദികരോടുള്ള അവജ്ഞ, പൌരോഹിത്യമാഹാത്മ്യാവഹേളനം മുതലായവകളെല്ലാം യഥാർത്ഥവിശ്വാസാഭാവമെന്നുതന്നെ കരുതപ്പെടേണ്ടതായിരിക്കുന്നു. വിശ്വാസത്തിനനുരൂപമായി പ്രവർത്തിക്കുകഎന്നതാണ് നമ്മുടെ താൽക്കാലികാവശ്യങ്ങളിൽ പ്രധാനമേറിയതെന്ന് മേൽ പ്രസ്താവിച്ചതിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ.

അടുത്തതായി ദൃഷ്ടിക്കുവിഷയീഭവിക്കുന്നതു നമ്മുടെ ഇടയിൽ സ്ഥലം പിടിച്ചിരിക്കുന്ന വിലപറിയമായ അനൈകമത്യവും തജ്ജന്യങ്ങളായദോഷഫലങ്ങളുമത്രേ. കത്തോലിക്കാസഭയുടെഅതേ,സവ്വാംഗസുന്ദരിയായ നമ്മുടെ മാതാവിൻെറലലാടപ്രദേശത്തിൽ സുവർണ്ണചിപികളാൽചിത്രിക്കപ്പെട്ടിട്ടുള്ള വിശിഷ്ട വചനങ്ങളിൽ ഒന്ന് ഐക്യംഎന്നാണ്. എന്നാൽ നമ്മുടെ പ്രവൃത്തികളെ സൂക്ഷിച്ചാൽ പലപ്പോഴും അസൂയാപ്രേരിതങ്ങളും പരോപദ്രവ ഹേതുകങ്ങളുമാണെന്ന നമുക്കു നിഷ്പ്രയാസം മനസ്സിലാക്കാം. മനുഷ്യരോടുള്ള സ്നേഹംകാരണത്താൽ ഭ്രജാതനാവുകയും നിരവധി കഷ്ടതകളുംഅവമാനങ്ങളും സഹിക്കുകയും ഒടുവിൽ ടീ വനേപ്പോലും മനുഷ്യക്കായി ബലികഴിക്കുകയും ചെയ്ത ക്രിസ്തുനാഥൻെറ ശിഷ്യരെന്നഭിമാനിക്കുന്ന കത്തോലിക്കർ അദ്ദേഹത്തിൻെറ സന്മാതൃകയേ അനുകരിക്കുന്നില്ലെങ്കിൽ അവരുടെ അഭിമാനംനിരർത്ഥകവുംഫലശൂന്യവുമത്രേ. സ്നേഹിതന്മാരെമാത്രമല്ല ശത്രുക്കളേയുംകൂടി സ്നേഹിക്കണമെന്നുപ്രസംഗിക്കുകയും, തദനുസരണംപ്രവത്തിക്കുകയുംചെയ്തക്രിസ്തുവിനെ വിസ്മരിച്ചിട്ടോ എന്നു തോന്നുമാറ് നാം സഹോദരന്മാരെ നിസ്സാരകാരൃങ്ങൾ മൂലം ഉപദ്രവിച്ചും, ശത്രുക്കളോടു വിദ്വേഷം ഭാവിച്ചും, നിരാശ്രയരേയും നിർദ്ധനരേയും ഞെരുക്കിയും ജീവിച്ചുവരുന്നത് കഷ്ടാൽ കഷ്ടതരമല്ലയോ? വടക്കുംഭാഗൻ, തെക്കും ഭാഗൻ, ലത്തീൻകാരൻ, സുറിയാനിക്കാരൻ മുതലായ പേരുകൾ പറഞ്ഞുകൊണ്ട് ഒരാളെആദരിക്കുകയോ അനാദരിക്കുകയോ ചെയ്യുന്ന സമ്പ്രദായം നമ്മിൽനിന്നു വിദൂരസ്ഥിതമാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്നും, ഈദൃശങ്ങളായ വൃത്യാസങ്ങൾ ക്രിസ്തീയ പരസ്നേഹത്തിനനുയോജ്യമല്ലെന്നും. അവ ദൈവസന്നിധിയിൽ ഗൗരവമായ കുറവായി പരിഗണിക്കപ്പെട്ടുമെന്നും കത്തോലിക്കാ യുവാക്കന്മാരായ നാമേവരും പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ഉന്നത കുല ജാതനേയും നികൃഷ്ടകുലത്തിൽ ജനിച്ചവനേയും ദൈവം സമഭാവേന വീക്ഷിക്കുന്നുവെന്നും ഒരുപോലെ സ്നേഹിക്കുന്നുവെന്നും ഉള്ള പരമാർത്ഥം നാം വിസ്മരിക്കാതിരുന്നെങ്കിൽ അത്ഥശൂന്യമായ ഈദൃശ വൃത്യാസങ്ങൾ നമുടെ ഐകമത്യത്തിനു വിഘാതമായി നില്ക്കുകയില്ലായിരുന്നു. ഇപ്പോഴത്തെ അനാശാസ്യ നിലയേയും തെറ്റിദ്ധാരണകളേയുംദൂരീകരിക്കുന്നതിനുള്ള പ്രധാനമാർഗ്ഗം സമസ്ത കേരള സമാജങ്ങൾ തന്നെയാണ്. കേരളീയ കത്തോലിക്കാവിദ്യാർത്ഥിസഖ്യം, കത്തോലിക്ക മഹാജനസഭ ഇവപൂർവ്വാധികം ഔത്സുക്യത്തിലും, കാര്യക്ഷമമായ രീതിയിലും നടത്തുന്നതിനു കേരളത്തിലെ എല്ലാക കത്തോലിക്കരും വിശിഷ്യ, യുവാക്കന്മാരും ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നെങ്കിൽ ഉദ്ദിഷ്ടസിദ്ധി ഉണ്ടാകുമെന്നുള്ളതിൽ സംശയത്തിനു വകകാണുന്നില്ല. കത്തോലിക്കാ യുവലോകമെ! നമുക്കുണർന്ന് ഏകമതീഭാവത്തോടു കൂടി പ്രവർത്തിക്കാം.

നമ്മുടെ താല്ക്കാലികാവശ്യങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്തമറെന്നു വേദപാഠത്തിലും മതപരമായ മറ്റു സംഗതികളിലും നാം

കാണിച്ചുവരുന്ന നീചവും നിന്ദ്യവുമായ അനാസ്ഥയെ ദൂരീകരിക്കുക എന്നതാണ്. കത്തോലിക്കരല്ലാത്ത ക്രിസ്ത്യാനികളുടെ ഇടയിലുള്ള ബാലന്മാർ പോലും വേദപുസ്തകം ഹൃദിസ്ഥമാക്കിവച്ചിട്ടുണ്ടെന്നോർക്കുമ്പോൾ നമുക്കു ലജ്ജയുള്ളതുകൊണ്ടു വകകാണാതിരിക്കുന്നില്ല. കത്തോലിക്കാ മതതത്വങ്ങൾ എന്തെല്ലാമെന്നു നമ്മിൽഭൂരിപക്ഷം ആളുകൾക്കുംനിശ്ചയമില്ലായെന്നു വരുന്നതു് നമുക്കും നമ്മുടെ മതത്തിനും ഒരുപോലെ അപമാനകരമല്ലയോ? വേദശാസ്ത്രജ്ഞന്മാർ, മതപ്രതിപക്ഷികൾ, വേദപ്രചാരപ്രസക്തർ ഇവർ കത്തോലിക്കാബാലന്മാരിൽ ശ്രദ്ധമാകുന്നതിനു മാതാപിതാക്കന്മാരും ഗുരുഭൂതന്മാരും ശ്രമിക്കായ്കയാലാണു കത്തോലിക്കർ വേദകാര്യങ്ങളിൽ ഇത്ര പിന്നോക്കമായിക്കാണപ്പെടുന്നതു. ഈ വിലപരീതാവസ്ഥയെ പരിഹരിക്കുന്നതിനു ശ്രമിക്കേണ്ടതു കത്തോലിക്കയുവാക്കന്മാരായ നമ്മുടെഏവരുടേയും കടമയാണ്. വേദപഠനത്തിലും വേദപുസ്തകപാരായണത്തിലും നാം പൂർവ്വാധികം ശ്രദ്ധപതിക്കുകയും കത്തോലിക്കബാലികാബാലന്മാർക്കു മതപഠനം ക്ഷിപ്രസാദ്ധ്യമാക്കി കൊടുക്കുകയും വേണം. ഏതൽകാര്യനിർവഹണത്തിനായി ഓരോ ഇടവകയുടേയും പലഭാഗങ്ങളിലും വേദപാഠശാലകൾ സ്ഥാപിച്ചു ഞായറാഴ്ചതോറുമെങ്കിലുംവേദപാഠംനടത്തുകയുംഇടവകയിലെഎല്ലാകുട്ടികളുംപതിവായിവേദപാഠശാലകളിൽഹാജരാകുന്നതിനു ഏർപ്പാടുചെയ്യുകയും ചെയ്യുന്നതുഒരുത്തമമായമാർഗ്ഗമായിരിക്കും. പ്രസ്തുതപാഠശാലകളിൽ യുവാക്കന്മാരായ നാം ഓരോരുത്തരും പാഠങ്ങൾ തയാറായി പഠിപ്പിക്കണം. ഞായറാഴ്ച ദിവസം ഇതിൽ മെച്ചമായി വ്യയം ചെയ്യുന്നതിനു നമുക്കു നിശ്ചയമായും സാധിക്കയില്ല. ആഴ്ചയിൽ ഒരുദിവസംഅതും ഞായറാഴ്ച ഒന്നോ ഒന്നരയോ രണ്ടോ മണിക്കൂർബാലികാബാലന്മാർക്കുവേദോപദേശം ചെയ്യുന്നതിനായി വ്യയം ചെയ്യുവാൻ കഴിയാത്തവണ്ണം അത്ര കൃത്യാന്തരബാഹുല്യത്താൽ ബന്ധിതരായി ആരെങ്കിലും നമ്മുടെ ഇടയിൽ ഉണ്ടെന്നതോന്നുന്നില്ല. ഈവിഷയത്തിൽ ചങ്ങനാശേരിയിലും അതിനെ തുടർന്നു കുമ്പനാടത്തും സ്ഥാപിതമായിരിക്കുന്ന "മാത്തോമ്മാദാസസംഘ"ത്തിന്റെ പ്രവർത്തനരീതിയും നമുക്കു മാതൃകയായിരിക്കട്ടെ. "ഉപവി അനേകംപാപങ്ങളെമറയ്ക്കുന്നു."എന്നുള്ള വി. പൗലോസിന്റെ വാക്യം ഈ ദുശ്ശ്രമങ്ങൾക്കു നമ്മെ പ്രേരിപ്പിക്കട്ടെ!

ഹിമികാ പുത്രന്റെ കഥ

[റവ. കെ. വൈ. ജോൺ. എസ്-ജെ.]

ചൈനാ ഭാഷയിൽ, മഞ്ഞിന്റെ പുത്രൻ യുകീകോ എന്നപദം, പതിമ്മൂന്നു വയസ്സു പ്രായം വരുന്ന, സുശിലനും ബുദ്ധിമാനുമായ ഒരു ബാലന്റെ പേരത്രേ. അവന്റെ പൂർണ്ണമായ പേരു "യുകീകോ, തമുമാറ" എന്നാകുന്നു. യുകീകോ അടുത്ത രണ്ടുവർഷങ്ങൾക്കു മുൻപുവരെ വെസ്ലിയൻ മതക്കാരുടെ ദേവാലയം സന്ദർശിച്ചു കൊണ്ടിരുന്നു. ആ സ്ഥലത്തെ ഉപദേശിയോ എന്നാൽ അവനിൽ അധികം പ്രീതിയും ശ്രദ്ധയും കാണിക്കാതിരുന്നതിനാൽ, കഴിഞ്ഞ ഫെബ്രുവരി— ജൂൺ മാസം മുതൽ അവൻ എന്നെ വന്നു കാണുന്നതിലും, കത്തോലിക്കാ പഠനങ്ങളെ അറിയുന്നതിലും അധികശ്രദ്ധ കാണിച്ചുതുടങ്ങി. ഈ സുശീലബാലൻ ആദ്യം വേദോപദേശക്ലാസുകളിൽ ദിവസേന വരുകയും, കാലക്രമേണ നന്മനിറഞ്ഞമറിയം, കൊന്തനമസ്കാരം, എന്നുവേണ്ടാ ഒരുവാക്കിൽ പറഞ്ഞാൽ വേദോപദേശം മുഴുവനും പൂർത്തിയായി പഠിക്കുകയും ചെയ്തു. ഒടുവിൽ നവംബർ മാസം—൨൦ തീയതി ലൂയിസ് എന്ന പേരോടുകൂടി അവൻ ജ്ഞാനസ്നാനം കൈക്കൊണ്ടു. അതേതരത്തിൽ തന്നെ അവന്റെ ഇളയസഹോദരിയായ മിനേക്കോ, മേരി എന്ന മധുരനാമം സ്വീകരിച്ചു മാമ്മോദീസാമുങ്ങി.

ചിലദിവസങ്ങൾക്കുശേഷം ലൂയീസും, മേരിയും—അവരുടെ പൂർവ്വികപേരുകളിൽ പറഞ്ഞാൽ യുകീകോയും, മിനേക്കോയും—അധികം ഏറിവോടും, ഭക്തിയോടും കൂടി അദ്ഭുകർബ്ബാന ഉൾക്കൊണ്ടു. ആ ദിവസം പ്രഭാതത്തിൽ, പട്ടണവാസികൾ ഉണരും മുൻപുതന്നെ ഈ നിഷ്കളങ്കഹൃദയങ്ങൾ തങ്ങളുടെ സ്വർഗ്ഗീയനാഥനെ ആത്മാവിലേക്കു എതിരേല്പാൻ, അതിവേഗം സാൻഗോൻസാലാ ദേവാലയത്തിൽ എത്തിക്കഴിഞ്ഞു. പിറെറ ദിവസവും, പിന്നീടു തുടരത്തുടരെയും ലൂയിസ് അതിരാവിലെ പള്ളിയിൽ പോകുവാൻ തുടങ്ങി.

ഒരിക്കൽ "ലൂയീസേ! ഇത്രകാലത്തെ എന്തുകൊണ്ടാണു നീ പള്ളിയിൽ വരുന്നത്?" എന്നു ഞാൻ ചോദിച്ചു.

"അച്ചാ! എന്റെ അമ്മയ്ക്കു നല്ല സുഖമില്ല. അതിനാൽ വീട്ടു അടിച്ചു തളിക്കുന്നതു ജോലി ഞാൻതന്നെ പള്ളിക്കുടത്തിൽ പോകുന്നതിനു മുൻപു ചെയ്യേണ്ടിവരുന്നു" എന്നതത്രെ അവൻ മറുപടി നൽകിയതു.

"അങ്ങനെയെങ്കിൽ നിന്നെക്കൊണ്ടു ഞാൻ വിചാരിച്ച കാര്യം ഫലപ്രദമാകയില്ലല്ലോ,, എന്നു ഞാൻ പറഞ്ഞപ്പോൾ "എന്താണച്ചാ?" എന്നാബ്രാഹാൻ മുഖത്തു സ്പുരിച്ചനിരാശയുടെ ലക്ഷണങ്ങളോടുകൂടി എന്നോടു ചോദിച്ചു. "മറെറാന്നുമല്ല, പൂജസഹായമന്ത്രം നിന്നെ പഠിപ്പിക്കണമെന്നു ഞാൻ വിചാരിച്ചു".

"ആ പ്രിയ അച്ചാ!" ഇതിനുള്ളിൽ അവന്റെറ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞു. "അതാണെങ്കിൽ എനിക്കു ചെയ്യുവാൻ സാധിക്കും..,,

കുറഞ്ഞോരു ദിവസങ്ങൾക്കുള്ളിൽ എന്റെറ കുഞ്ഞുല്യൂയീസ് പൂജസഹായ മന്ത്രം പൂർത്തിയായിലത്തീനിൽ പഠിച്ചു തീർത്തു. ഞാൻ ആദ്യമായി ഈ ഓമന ബാലനെ, മറ്റുള്ള പൂജസഹായബാലന്മാരെപ്പോലെ, ഭക്തിപുരസ്സരം, 'സുച്ചിളിസ്', ധരിച്ചു കണ്ടപ്പോൾഎന്റെറഹൃദയം ആനന്ദത്താൽ തുടിച്ചു വശ്കായി. അപ്പോൾ അവൻ എന്റെറ അന്തർഗതങ്ങൾ മനസ്സിലാക്കിയോ എന്നു തോന്നുമാറു എന്നെ നോക്കി ഒരു ചെറുപുഞ്ചിരിതൂകി "ഈ വേഷത്തിൽ എന്നെ കാണുവാൻ വളരെഭംഗിയായിരിക്കുന്നില്ലയോ? എന്നെന്നോടു ചോദിച്ചു. വളരെ ഭംഗിയായിരിക്കുന്നു, എന്റെറ വാത്സല്യമകനെ!" എന്നുപറഞ്ഞുകൊണ്ടു ഞാനും ഒന്നു ചിരിച്ചു.


പൂജയ്ക്കു സഹായം ചെയ്യുന്നതിനും പുറമെ ശുദ്ധ: കുർബാനയുടെ ആശീർവാദം ഉള്ള ദിവസങ്ങളിൽ അസുമനസമയത്തും അവൻ ശുശ്രൂഷചെയ്യുന്നതിനു ഹാജരായിരുന്നു.

പള്ളിയിലെ തിരുക്കർമ്മങ്ങൾ കഴിഞ്ഞശേഷം അവൻ വീട്ടിൽ പോയി തന്റെറ മാതാപിതാക്കന്മാരോടു ഈവിധം പറയും "കത്തോലിക്കാദേവാലയം എത്രയോ മനോഹരമായിരിക്കുന്നു! തിരുഹൃദയപീഠം വളരെ ഭംഗിയുള്ളതും ഹൃദയാകർഷകവുമത്രെ."

ഇതിനും പുറമെ താൻ തന്നെ വൈദികരെപ്പോലെ ചിലപ്പോഴെല്ലാം, കുമ്പായവും, സർപ്ലീസും ധരിക്കുമെന്ന് അവൻ അവരോടു പറയുമ്പോൾ, അവക്കതെല്ലാം ചിലകെട്ടുകഥകൾപോലെ തോന്നിയിരുന്നു. എങ്കിലും ഈസംഭാഷണങ്ങൾ തന്റെറ മാതാപിതാക്കന്മാരിൽ ശാശ്വതമായി ചിലമുദ്രകൾ പതിച്ചുവെന്നു പ്രത്യേകം പറയണമെന്നില്ലല്ലോ. ചിലപ്പോഴെല്ലാം ല്യൂയീസ് തന്റെറ മാതാവിനെനോക്കി പറയും: "അമ്മച്ചി! കത്തോലിക്കനായിരിക്കുന്നതു് എത്രയോ വലുതായ ഒരു ഭാഗ്യമാണ്! അമ്മച്ചിയും എന്നുകൊണ്ടു മാമ്മോദീസാ ഇനിയുംമുങ്ങാതിരിക്കുന്നു."

രോഗിണിയായ ആ സ്ത്രീ ഈ വാക്കുകൾ കേൾക്കുമ്പോൾ തോളുകൾ ഇളക്കി ഈർഷ്യഭാവം കാണിച്ചിരുന്നുവെങ്കിലും, തന്റെറ വാത്സല്യപുത്രൻ ദുഃഖിതനായിരിക്കുന്നതു മനസ്സിലാക്കുമ്പോൾ താനും മനസ്താപപ്പെട്ടു ചിന്താസാഗരത്തിൽ മുങ്ങുക പതിവായിരുന്നു. അവന്റെറ പിതാവു് എന്തു പറയും? പൂർവ്വിക പാരമ്പര്യങ്ങൾ അനുസരിക്കുന്നതിൽ അയാൾ അണുപോലും പിന്നോക്കമില്ലായിരുന്നു.

തിരുഹൃദയനാഥേ.



ഈശോയുടെ തിരുഹൃദയത്തിന്റെയുടെ മസ്ഥ എന്നാണ് ഈ പേരിന്റെഅർത്ഥം. നമ്മുടെ കർത്താവിന്റെ തിരുശരീരം മറിയത്തിന്റെ രക്തത്തിൽനിന്നുംനിർമ്മിക്കപ്പെട്ടതാകയാൽ ഈപേരു യുക്തിയുക്തംതന്നെ. ഈശോയുടെ തിരുഹൃദയത്തെ നിർബന്ധിച്ചുപോലും ഏതൊരുകാര്യവും സാധിപ്പാൻമറിയത്തിനു ശക്തിയുണ്ട്. തിരുഹൃദയനാഥയുടെ മാദ്ധ്യസ്ഥ്യം വഴിയായി എത്രവിഷമമേറിയ കാര്യങ്ങളുംസാധിക്കാം. മേരിയവണക്കവും ഈശോയുടെതിരുഹൃദയഭക്തിയുംഅടുത്തരണ്ടുമാസങ്ങളിൽ തിരുസഭനിശ്ചയിച്ചിരിക്കുന്നതിനു പ്രത്യേകംഅർത്ഥമുണ്ട്.

ഈശോ മിശിഹായുടെ തിരുഹൃദയത്തിൻ നാഥേയോടുള്ള ജപം

ഈശോ മിശിഹായുടെ തിരുഹൃദയത്തിൻ നാഥേ! നിന്റെ ദിവ്യപുത്രന്റെ ആരാധനയ്ക്കു ഏറ്റവുംയോഗ്യമായ തിരുഹൃദയത്തിന്മേൽ നിനക്കുണ്ടായിരിക്കുന്ന വാക്കിലടങ്ങാത്തസ്വാധീനത്തെ ഓർ ഒക്കേണമേ. നിന്റെ യോഗ്യതകളിൽ മുഴുവനായി ശരണപ്പെട്ട നിന്റെ സങ്കേതത്തിൽ ഞങ്ങൾ അണയുന്നു. എല്ലാ വരപ്രസാദങ്ങളുടെ ഉറവയും അതിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നതായ സ്നേഹത്തിന്റേയും അനുഗ്രഹത്തിന്റേയും രക്ഷയുടേയും നിക്ഷേപങ്ങളെ എല്ലാ മനുഷ്യരുടേമേലും വർഷിക്കുന്നതിനായി നിന്റെ ഇഷ്ടാനുസരണം തുറക്കാവുന്നതായ ഈശോയുടെ തിരുഹൃദയത്തിൻ നിക്ഷേപകാരിയേ! ഞങ്ങൾ നിന്നോടപേക്ഷിക്കുന്ന മനോഹരണം ഞങ്ങൾക്കു നൽകേണമെ. ഞങ്ങളുടെഅപേക്ഷയെ ഒരിക്കലും ഉപേക്ഷിക്കയില്ലെന്നു ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. ഓ! ഈശോയുടെ തിരുഹൃദയത്തിൻ നാഥേ! നീ ഞങ്ങളുടെ അമ്മയായിരിക്കയാൽ ഞങ്ങളുടെ അപേക്ഷ ദയവായി കേട്ടഅവയെ ഞങ്ങൾക്കു ലഭിച്ചുതരേണമെ

ഈശോയുടെ തിരുഹൃദയത്തിൻനാഥേ! ഞങ്ങൾക്കുവേണ്ടിഅപേക്ഷിക്കേണമെ. (ഫാ ദി. ദോ. പോ.)

ചെറുകഥാമത്സരം.

(റവ. ജോസഫ്. ഇ. പി)

അർദ്ധരാത്രി കഴിഞ്ഞു. പൂർണ്ണചന്ദ്രന്റെ കനകരശ്മികൾ തട്ടി മാനാവനം കുസുകളും, പരിസരപ്രദേശങ്ങളും പ്രശോഭിച്ചുകൊണ്ടിരുന്നു. രമണീയവും ഹൃദയാവർജ്ജകവുമായ പ്രകൃതിസൌന്ദര്യത്തിനിടയിൽ, അത്യഗാധങ്ങളായ പാപകൃപങ്ങൾ സ്ഥിതിചെയ്യുന്നുണ്ടെന്നു പ്രത്യക്ഷമാക്കുമാറ്, ചന്ദ്രബിംബത്തിലെ കളങ്കരേഖകൾ സുവ്യക്തങ്ങളായി കാണപ്പെട്ടു. അധർമ്മികളെ നിത്യം പ്രോത്സാഹിപ്പിക്കുന്ന നിശാദേവിയുടെ അകൃമങ്ങളെ സൂക്ഷിച്ചുകൊണ്ട്, സൌരയൂഥത്തിന്റെ നാനാമുഖങ്ങളിൽ സംഖ്യാതീതങ്ങളായ നക്ഷത്രങ്ങൾ തേജഃപുഞ്ജങ്ങൾ പോലെ ഉജ്ജ്വലിച്ചിരുന്നു. ജീവജാലങ്ങൾ കുംഭകർണ്ണസേവയിൽ ലയിച്ചിരുന്നതിനാൽ പ്രശാന്തമായ മൌനം സർവ്വത്ര വ്യാപിച്ചു.

അപ്പോഴാണ് കോവിലകത്തു കോലപ്പൻ നായരും പാത്തിക്കൽ കറിയാപ്പിയും കൂടി കൈപ്പുഴ ഷാപ്പിൽനിന്നും മടങ്ങിയത്. കള്ളുകോരങ്ങളായ അസഭ്യവാക്കുകളാൽ നമ്മുടെ രാത്രിഞ്ചരന്മാർ രാത്രിയുടെ നിശ്ശബ്ദതയെ ഘോരഘോരം ഭഞ്ജിച്ചുകൊണ്ടു ആശ്രമത്തെ അഭിമുഖീകരിച്ചു് ചെയ്യിരുന്ന, യാത്രാകോലാഹലംകാണേണ്ടതുതന്നെ. തെറിയും തെറിച്ചും ഇടയ്ക്കിടെ വരമ്പത്തുക്രൂടെയും, വിളഞ്ഞുകിടന്നിരുന്ന വയലിൽക്കൂടെയും ചിലപ്പോൾ തോട്ടിൽക്കൂടെയും ചെയ്യിരുന്ന യാത്രയിൽ മരം മറിഞ്ഞു വീഴുന്നതുപോലെയുള്ള ശബ്ദങ്ങളും മദ്യകുംഭം ഉടയുന്നമാതിരി ശട്ടിയും മറും കേട്ട്, നീർക്കോലി, തവള മുതലായ ജന്തുക്കൾ പ്രാണഭീതിയോടുകൂടി അങ്ങുമിങ്ങും ഓടിക്കൊണ്ടിരുന്നു. എന്തിനധികം? നിന്നിയും തുടിച്ചും രണ്ടുമൂന്നു മണിക്കൂറുകൾകൊണ്ടാണു പാടത്തിന്റെ അങ്ങേക്കരയിലെത്തിയതു. ഇന്നു പതിവനുസരിച്ചു മോഷണത്തിനും മറും തുനിയാതെ ചിരപ്രതീക്ഷിതമായ ഒരു കായ്ത്തേപ്പുറ്റി അവർ സ്വസ്ഥമായിരുന്നു് ഇങ്ങനെ സംസാരിച്ചുതുടങ്ങി.

കറിയാപ്പി—എടോ നായരേ! ഇനിയും നാളെ നാളെ എന്നു നീട്ടിയാൽ പോരാ. ഇന്നുതന്നെ പോകണം.

നായർ—(പുച്ഛഭാവത്തിൽ) നിങ്ങളുടെ ഔസേപ്പു പുണ്യാളനു ഒരു വഴിപാടു കഴിച്ചു നോക്കരുതോ? കള്ളുകുടിച്ചു മുടിഞ്ഞ സ്വത്തുക്കൾ പുണ്യാളൻ തിരിച്ചു തരില്ലേ?

കറിയാപ്പി—വഴിപാടു!! പള്ളീക്കേറ്റി വന്നുണ്ടു കൊല്ലമായി. അതുകൊണ്ടാണു കള്ളുകുടിയ്ക്കുള്ള വകയെങ്കിലും മുട്ടാതെ കിട്ടുന്നതു. പള്ളിയോടും പട്ടക്കാരോടും അകലുന്നിടത്തോളം നന്നു്. ഈ കൊവേന്ത

യുടെ അടുത്തുനിന്നു മാറിത്താമസിച്ചാലേ ഗതി പിടിക്കുകയുള്ളു.

നായർ—എന്നാൽ വടക്കോട്ടു തന്നെ പോകാം. പക്ഷേ വഴിച്ചിലവിനു തൽക്കാലം പെമ്പിള്ളയുടെ കുണുക്കും താലിയുംപറിച്ചു പണയം വയ്ക്കാം. തിരിച്ചുവരുമ്പോൾ താലിമാല പണിയിച്ചിടാമല്ലൊ.

സംഭാഷണം ചുരുക്കിക്കൊണ്ടു വേഗം വീട്ടിലെത്തി. തങ്ങളുടെ അവസാന സമ്പത്തായ കുണുക്കും താലിയും കൂടി പറിച്ചപ്പോൾ തള്ളയും കുഞ്ഞുങ്ങളും അലച്ചു നിലവിളിച്ചു. വട്ടിണികൊണ്ടും പനികൊണ്ടും വശംകെട്ടു കിടന്നിരുന്ന സ്ത്രീയേയുംകുഞ്ഞുങ്ങളേയും നിർദ്ദയം പ്രഹരാദി കഷ്ടായാ സേവിപ്പിച്ചിട്ടു കറിയാപ്പിയും നായരും വേഷംമാറി വടക്കോട്ടു യാത്രതിരിച്ചു. അന്നു രീചണ്ടിയും മോട്ടോറും സുഗമമായ രാജപാതകളും ഇല്ലാഞ്ഞതിനാൽ കാട്ടം പള്ളയും മുറിച്ച് മൂന്നാം ദിവസമാണ് ശാസ്താംകോട്ടയിൽ ചെന്നെത്തിയതു. ധനാജ്ജനത്തിനായി ശാസ്താവിന്റെ അനുഗ്രഹം തേടി അവിടെ ചെല്ലുന്നവർ ക്രിസ്തുവിനെ ഉപേക്ഷിക്കുന്നെന്നു സത്യം ചെയ്യുക, വി. കുരിശു നിലത്തിട്ടു ചവിട്ടുക തുടിയായ പല നീചകൃത്യങ്ങൾ ചെയ്യുവാൻ നിർബന്ധിക്കപ്പെട്ടിരുന്നു. ഉത്തരകേരളത്തിൽ ഒരിടത്തു, ഇന്നും ഇങ്ങനെ അനുഗ്രഹങ്ങൾ കൊടുത്തു അനേകം ആത്മാവുകളെ പിശാചിന്റെ കണിയിൽ കുടുക്കുന്നുണ്ടെന്നുള്ളതു് രഹസ്യമായ ഒരു പരസ്യമാണല്ലൊ. യൂദാസിനേപ്പോലെ ദ്രവ്യാഗ്രഹത്താൽ അന്ധനായ കറിയാപ്പി ക്രൂസലെന്യേ മിശിഹായെ ഒറിക്കൊണ്ടു പിശാചു വന്ദനം നടത്തിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ.

സ്നേഹിതന്മാർ കുറെപ്പൊൻനാണയങ്ങളും, സമ്പന്നന്മാരാകുവാൻ ചാത്തന്റെ അനുഗ്രഹങ്ങളും സ്വീകരിച്ചുകൊണ്ടു തിരിച്ചു വരുന്നവഴി ആലുവാപ്പുഴയിൽവച്ചു സ്വദേശിയായ ഒരു കിഴവൻ പുസ്തകക്കച്ചവടക്കാരൻ ക്ലാസ്സായി വന്നുചേർന്നു. അയാൾ പാലയൂർ പള്ളിയിൽ പെരുന്നാളിനു വില്പന കഴിഞ്ഞു ബാക്കിയുള്ള വി. ഗ്രന്ഥ. പുണ്യവാന്റെ ഒരു വണക്കപ്പുസ്തകവുംകൊണ്ടു മാന്നാനത്തിനു തിരിച്ചു പോവുകയായിരുന്നു. മദ്ധ്യാഹ്നത്തിലെ ആവശ്യത്തിലേക്കു കറിയാപ്പി പുഴയിൽനിന്നു കുറെ മത്സ്യങ്ങൾ വാങ്ങി കിഴവന്റെ കൈയിൽ കൊടുത്തു. തന്റെ കൈയിലുള്ള പുസ്തകം മത്സ്യത്തിന്റെ ഉളുമ്പു പറ്റാതിരിക്കുന്നതിനായി ഒന്നു കൈമാറണമെന്നുള്ള വൃദ്ധന്റെ അപേക്ഷയെ, ചാത്തന്റെ കോപത്തെ ഭയന്നു കറിയാപ്പി തിരസ്കരിച്ചു. കിഴവന്റെ മുട്ടിപ്പു നിമിത്തം നായർതന്നെ പുസ്തകം കൈമാറി കക്ഷത്തിൽവച്ചു. വേച്ചും വീണും മൂവരുംകൂടി ഉണ്ണിറീലിക്കാവിനടുത്തുള്ള ശ്മശാനത്തിൽ എത്തിയപ്പോൾ സമയം എട്ടുവെയ്ക്കുന്നു രാവായി. അവിടം മനുഷ്യസഞ്ചാരമില്ലാത്ത ഒരു വനപ്രദേശമായിരുന്നു.

കാവിൽനിന്നു സന്ധ്യാവന്ദനം കഴിഞ്ഞു മടങ്ങുന്ന ഭാവത്തിൽ, നൈസർഗ്ഗികമായ സൌന്ദര്യാതിശയം തുളുമ്പുന്ന രണ്ടു യുവകന്യകമാർ നമ്മുടെ പാമരന്മാർക്കഭിമുഖമായി കുറെ സംസാരിച്ചശേഷം രാത്രി വിശ്രമത്തിനവരുടെ വസതിയിലേക്കു ക്ഷണിച്ചു. ഭോഗാസക്തന്മാരായ യുവാക്കന്മാർ സസന്തോഷം ആമന്ത്രണം സ്വീകരിച്ചു

യുവതികളുടെ ഭവനത്തിൽ എത്തി. കിഴവനെ പടിപ്പുരയിലിരുത്തി യിട്ട്, യുവാക്കന്മാരെ കന്യകമാർ ഉന്നതമായ സോപാനങ്ങൾ കയറി ഗോപുര ശൃംഗത്തിലേക്കാനയിച്ചു. ചതുർവ്വിധ വിഭവങ്ങളോടുകൂടി മൃഷ്ടാന്നം നൽകിയ ശേഷം നായരേയും കരിയാപ്പിയേയും സ്ത്രീകൾ പ്രത്യേകം മുറികളിലേക്കു കൊണ്ടുപോയി. നിദ്രയാരംഭിച്ചപ്പോൾ നായർ തന്റെ കക്ഷത്തിലുണ്ടായിരുന്ന വി. യൌ. പുണ്യവാളന്റെ വണക്കപ്പുസ്തകം (വൃദ്ധന്റെ വക) തലയ്ക്കൽ വച്ചു. പുസ്തകം കണ്ട മാത്രയിൽ അടുത്തുനിന്നിരുന്ന കന്യക ഒന്നു ഞെട്ടി പിറകോട്ടു മാറി. പുസ്തകം ദൂരെ എറിഞ്ഞുകളയണമെന്നു അവൾ നിർബന്ധിച്ചു. നായർക്കു ചില ദുസ്സംശയങ്ങൾ തോന്നി. അടുത്ത നിമിഷത്തിൽതന്നെ കരിയാപ്പി കിടന്നിരുന്ന മുറിയിൽനിന്നു കഴുത്തു പിരിച്ചൊടിക്കുമ്പോഴുണ്ടാകുന്ന മരണവേദനയോടുകൂടിയ ഒരു നിലവിളിയും രക്തം ഛർദ്ദിക്കുകയും അസ്ഥികൾ ഞെരിക്കുയും ചെയ്യുന്ന ചില ശബ്ദങ്ങളും കേട്ട നായർ ഭയപരവശനായി. പിശാചിനു ഭയമുള്ള ദിവ്യമന്ത്രങ്ങൾ അടങ്ങിയ ഒരമൂല്യഗ്രന്ഥമാണു തന്റെ പക്കലുള്ളതെന്നു ചുറുചുറുപ്പാടുകൾ കൊണ്ടു മനസ്സിലാക്കി, പ്രാണരക്ഷാർത്ഥം പുസ്തകം ഉപേക്ഷിക്കയില്ലെന്നു നായർ ഖണ്ഡിച്ചു പറഞ്ഞു. സുന്ദരിയായ കന്യക ഒരു ഭയങ്കര പിശാചായി രൂപംപ്രാപിച്ചുകൊണ്ടു ഗോപുരം ഇളക്കുമാറു ഒന്നു കുലുക്കി താഴോട്ടു ചാടി. വന്യമൃഗങ്ങളുടെ ഘോര ഗർജ്ജനങ്ങളും മൃതശരീരങ്ങൾ ഭക്ഷിക്കുന്നടുക്കുന്ന കഴുകന്മാരും ശവാന്നങ്ങളും തമ്മിലുള്ള യുദ്ധകോലാഹലങ്ങളും, അന്യോന്യമെന്നപോലെ മൂളിക്കൊണ്ടു കുണ്ടുവീടുകളിൽ തറഞ്ഞു കയറുന്ന തീക്കല്ലിടിയുടെ നാദങ്ങളും രാത്രിയുടെ ഭയാനകത്വത്തെ വർദ്ധിപ്പിച്ചു കൊണ്ടിരുന്നു.

പുലർച്ചയായപ്പോൾ തന്റെ സ്ഥിതി ഇനിയും വളരെ ദുർഘടമാണെന്നു നായർക്കു മനസ്സിലായി. ഗോപുരശൃംഗമെന്നു കരുതി രാത്രിയിൽ പിടിച്ചു കയറിയതു് ഉദ്ദേശം നൂറുകോൽ പൊക്കമുള്ള ഒരുസാലവൃക്ഷത്തിന്റെ അഗ്രശാഖയിലേയ്ക്കായിരുന്നു. ഹാ മദ്ധ്യമേ!!! ദുർമ്മോഹമേ! നിന്റെ ഇന്ദ്രജാലം മനുഷ്യരെ എവിടെയെല്ലാം വലിച്ചു കയറുന്നു. നായർ സാവധാനത്തിൽ കരിമ്പനയിൽ നിന്നു താഴത്തിറങ്ങിയപ്പോൾ കരിഞ്ചോനിൻ തണ്ടുപോലെ കരുത്തുകിടന്നിരുന്ന സ്നേഹിതന്റെ മൃതശരീരത്തിനടുത്തു നിന്നു് വിലപിക്കുന്ന കിഴവനെ കണ്ടു. രോമാഞ്ചത്തോടുകൂടി സംഭവങ്ങളെപ്പറ്റി അന്യോന്യം കുറെനേരം സംസാരിച്ചിട്ടു് ഉടനെതന്നെ അവർ അവിടം വിട്ടുപോയി. വി. യൌസേപ്പുപിതാവിന്റെ സഹായത്താലാണു തനിക്കു പ്രാണരക്ഷയുണ്ടായതെന്നു വൃദ്ധനിൽനിന്നും മനസ്സിലാക്കി നായർ ഏതാനും ദിവസങ്ങൾക്കു ശേഷം മാന്നാനം ആശ്രമത്തിൽവച്ചു് യൌസേപ്പു എന്ന നാമധേയത്തോടുകൂടി ജ്ഞാനസ്നാനം സ്വീകരിച്ചു. യൌസേപ്പു പുണ്യവാനോടു പ്രത്യേക ഭക്തിയോടുകൂടി ആശ്രമത്തിൽ ഒരു തുണസഹോദരനായിട്ടാണു ആയുർശേഷം വിനിയോഗിച്ചതു്.

വർത്തമാനപുസ്തകം.

തൃശ്ശിവപേരൂർ മെത്രാനച്ചൻ നിത്യാനന്ദ വന്ദ്യ ദിവ്യശ്രീ പ്രാൻസിസ വാഴപ്പള്ളി തിരുമനസ്സുകൊണ്ടു ഈമാസം ഫ്രാൻസ-റോമിലേക്കു കപ്പൽ കയറുമെന്നു കാണുന്നു. വാപ്പായുടെ തിരുപ്പട്ട സ്വർണ്ണ ജൂബിലി ഉത്സവാഘോഷങ്ങളിൽ കൂടി സംബന്ധിക്കുന്നതിനു തിരുമനസ്സിനു സാധിക്കുന്നതായിരിക്കും. നിത്യനഗരംമാത്രമല്ലാ യൂറോപ്പിലെ മറ്റു പല സ്ഥലങ്ങളും മെത്രാനച്ചൻ സന്ദർശിക്കുന്നതായിരിക്കും. തിരുമനസ്സിലെ യാത്ര സുഖപ്രകാരേണയും ശുഭമായി സസുഖം മടങ്ങിഎത്തുന്നതിനു ജഗദീശ്വരനെ പ്രാർത്ഥിച്ചുകൊള്ളുന്നു.

ബഥനി മെത്രാൻ മാർഈവാനിയോസു അവർകളുടെ പ്രിയശിഷ്യനും സെറാമ്പൂർ കോളജിൽനിന്നും ബി—ഡി— ബിരുദം സമ്പാദിച്ച ദേഹവും യാക്കോബ്യരുടെ പുക പഴയ സെമിനാരിയിലെ മല്പാനും ആയിരുന്ന ബഹു വടക്കേറീട്ടിൽ ടി. തോമ്മസു ശെമ്മശൻ അവർകൾക്കു തോലിക്കാ മതം സ്വീകരിച്ചു കൊല്ലം സെമിനാരിയിൽ ചേർന്നുപഠിച്ചു കൽദായീത്തിൽ മാച്ചുമാസംമുതൽ—ഫ്രാൻസ-നവവൃജ അണസ്സുകയുണ്ടായി. ഇപ്പോൾസുറിയാനി കമ്മീഷനസഭയിലെഒരംഗമായി ചേർന്നിരിക്കുന്നു. വി. ഐ. കോഷി ശെമ്മാശൻ ബി. എ. അവർകൾ ഇദ്ദേഹത്തിന്റെ ഒരുസഹപാഠിയാണെന്നും കാണുന്നു.

ഗോവായിലെ എതാനും അധഃകൃത വർഗ്ഗക്കാർ ക്രിസ്തുമതം പരിത്യജിച്ചു ഒരുമതത്തിൽ ചേർന്നതിനേപ്പറ്റി കേരളത്തിലെ ചിലഹൈന്ദവപത്രങ്ങൾ വളരെയെല്ലാം ഒച്ചപ്പാടുകൾ ഉണ്ടാക്കിയ സംഗതിവല്ലതും കേട്ടിരിക്കുവാനിടയുണ്ടല്ലോ. നവീനമായി വിശ്വാസം കൈക്കൊണ്ടപ്രസ്തുതവർഗ്ഗക്കാർ ലൗകികമായ ചില പ്രത്യാശകളെ അസ്പടമാക്കിയായിരുന്നു കാവുമതത്തിലേക്കുതന്നെ പിന്തിരിഞ്ഞതു്. എന്നാൽ ഇപ്പോൾ അവരിൽപതിനാലുപേർകൂടെ ഇതാതകത്തായ പ്രായശ്ചിത്തം ചെയ്യുമ്പോം ജേസു ദേവാലയത്തിൽവച്ചുപുനസ്സ്വീകരണം ചെയ്യപ്പെട്ടിരിക്കുന്നു. ഈ വർത്തമാനം നമ്മുടെ നാട്ടിലെ ഹൈന്ദവപത്രങ്ങൾ പ്രസിദ്ധീകരിച്ചുകണ്ടാൽ കൊള്ളാം.

സുപ്രസിദ്ധശാസ്ത്രജ്ഞനായ സർ ജോർജ്ജാം വിൻഡിൽ എം. എ എം ഡി. ഡി. എസ്സ്. സി. ഏ.സി. ഏ.സി. അവർകൾ ഈയ്യിടെ അമേരിക്കായിൽവെച്ചു നിര്യാതനായിരിക്കുന്നു. ഇദ്ദേഹം ഒരു—മത്തെ വയസ്സിൽ മാനസാന്തരപ്പെട്ടു കത്തോലിക്കനായതാണു്.

അടുത്ത വർഷത്തിലെ സ്പ്ലെ സാമാന്യ കർബാന സംഘം മെയ് മാസം ൧-൦൯ മുതൽ ൧൫-൦൯ വരെയുള്ള ദിവസങ്ങളിൽ കാത്തോജിക്കൽവെച്ചു നടക്കുന്നതാണെന്നു അറിയുന്നു.

——താലൂക്കു——വകുതിയിൽ——പുത്രനും——മനസ്സുൽ നമ്പൂരിപ്പാടവർകളുടെ പുത്രനുംആയ——നായർയുവാവ് വയ-ാമത്തെ വയസ്സിൽ——ജ്ഞാനസ്നാനംകൈക്കൊണ്ടു സിബാസ്ത്യൻ എന്നുപേർ സ്വീകരിച്ചിരിക്കുന്നു. മിസ്റ്റർ നായരുടെ മാതാവും ഒരു സഹോദരിയും അഞ്ചു സഹോദരന്മാരും ഇപ്പോഴുംജീവിച്ചിരിപ്പുണ്ട്. ഇയാൾ ഒരദ്ധ്യാപകനായി പോലീസ്ക്ലാസ്സുകളിലും ഉദ്യോഗം വഹിച്ചിട്ടുള്ളതാണ്. മാനസാന്തരം സ്വയം എഴുതിവരുന്നുണ്ടെന്നു കാണുന്നു.

ചങ്ങനാശേരി ത്രുപതയിലെ കത്തോലിക്ക സ്ക്കൂളുകളുടെ ബ്മാനേജരന്മാരുടെ കോൺഫ്റൻസിന്റെ രണ്ടാമത്തെ യോഗം കാളാശ്ശേരി മാർ ജയിംസു മെത്രാനച്ചൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ഏപ്രിൽമാസം ൧൦-൦൯- കാലത്തു ൧൧ മണിമുതൽ ൧൨-൩൦ വരെയും ഉച്ചകഴിഞ്ഞു ൨-൩൦ മുതൽ ൩-൩൦ വരെയും ആയിക്കൂടി. നിശ്ചയങ്ങളേപ്പറ്റി പിറകേ.

കടപ്പാമറ്റം ഇടവക പൂവൻകുടയിൽ ചാക്കോ ഒൻപമത്തെ വയസ്സിൽ അന്ത്യകൂദാശകളൊക്കയുംസുബോധത്തോടെ കൈക്കൊണ്ടു, കത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. എല്ലാവരും ഈ ആളിന്റെ ആത്മാനുക്രുപ്യാർത്ഥം പ്രാർത്ഥിക്കുമാറാകണം

വിശുദ്ധ യൗസേപ്പുപിതാവിന്റേയും,വി. കൊച്ചുത്രേസ്യായുടേയും പ്രത്യേക മദ്ധ്യസ്ഥത്താൽഉദ്ദിഷ്ടകാര്യങ്ങൾ സഫലമായി. നേർച്ചപ്രകാരംകൂടുതലായി പ്രദർശിപ്പിച്ചുകൊള്ളുന്നു. ഉപകാരസ്മരണയായി വേദപ്രചാരത്തിലേക്കു ഒരു രൂപാ അയയ്ക്കുന്നു ഇതു സ്വീകരിച്ചു വേദ. പ്ര. മദ്ധ്യസ്ഥനിൽ പ്രസിദ്ധീകരിപ്പാറാകണം.

എന്നു. ദേവസ്യാ വക്കി മുള്ളംകുഴി

വി. ചെറുപുഷ്പത്തിന്റെ മദ്ധ്യസ്ഥത്താൽ എന്റെ മകളുടെ വിഷമജ്വരം സുഖപ്പെട്ടതിനു നന്ദി. എം. എ. മാണി

ചെറുപുഷ്പത്തിന്റേയും,ചെങ്ങളത്തു വി. അന്തോനീസിന്റേയും മദ്ധ്യസ്ഥതയാൽ വലിയ വലിയ മനോഗ്രഹങ്ങൾ ലഭിച്ചതിനു ഉപകാരസ്മരണ.

എം. എം. ജോസഫ്. മറ്റക്കര

കച്ചേരിക്കാര്യം.

ക. എ. വെ. വെ. ബ. മെത്രാനച്ചൻ തിരുമനസ്സിലേക്കു, കച്ചേരി സംബന്ധമായി വൈദികരും ജനങ്ങളും അയയ്ക്കുന്ന എല്ലാ അപേക്ഷകളും ഹർജികളും മുഴക്കടലാസിൽ എഴുതി പകർപ്പുകൂടി ബോധിപ്പിക്കേണ്ടതാണെന്നുള്ള മുൻകല്പനയെ ഒന്നുകൂടി ഓർമ്മപ്പെടുത്തുന്നു.

ഖ. ഈ തുലായിലുള്ള വള്ളികളിലെ റിക്കാർട്ടുകൾക്കുമൈകരൂപ്യം വരുത്തുണമെന്നുള്ളകല്പനയനുസരിച്ചു ആത്മസ്ഥിതിറിപ്പോർട്ടു, മാമ്മോദീസാ, വിവാഹം, മരണം ഇവയുടെ രജിസ്തരുകൾ, തിരുവസ്തുകം എന്നിവതയാറാക്കിച്ചു വരുന്നതിൽ, ആത്മസ്ഥിതിറിപ്പോർട്ടു പുസ്തകം വന്നു ചേർന്നിരിക്കയാൽ എല്ലാ വള്ളിക്കാരും ഉടനെ വാങ്ങിക്കൊള്ളേണമെന്നും, മറവുള്ളവ ഒരുമാസത്തിനകം വന്നുചേരുന്നതാണെന്നും തെറ്റിപ്പെടുത്തുന്നു.

ന. വി. കുർബാനയുടെ കോൺഗ്രസ്സ് പ്രമാണിച്ചു ആവശ്യപ്പെട്ടിന്നപക്ഷം വള്ളികളിലെ കുടകൾ കൂടി കൂടാതെ കൊടുക്കേണ്ടതാണ്.

ര. ഈ മാസം ഛ—ാംന- വന്ദ്യപിതാവു തിരുമനസ്സുകൊണ്ടു വള്ളി സന്ദർശനാർത്ഥം ഇവിടെ നിന്നും പുറപ്പെടുന്നതും ന—ാംന- തിരിച്ചെത്തുന്നതുമാണ്. പ്രോഗ്രാം താഴെ ചേർക്കുന്നു.

ഫൻഫൻ ഏപ്രിൽ

ഛ—ാംന- ശനിയാഴ്ച	ഉച്ചകഴിഞ്ഞു	ര മണിക്കു	വിളക്കുമാടം
ഛഛ—ാംന- തിങ്കളാഴ്ച	കാലത്തു	ഒ ,,	അപൈക
,,	ഉച്ചകഴിഞ്ഞു	ര ,,	പൂവരണി.
ഛര—ാംന- ബുധനാഴ്ച	കാലത്തു	ഠറ ,,	ഉരുളികുന്നം.
	ഉച്ചകഴിഞ്ഞു	ര ,,	ചിറക്കാർ.
ഛങ—ാം വ്യാഴാഴ്ച	,,	ര ,,	കുടക്കച്ചിറ.
ഛങ—ാംന- ശനിനാഴ്ച	,,	ര ,,	വൈക്കളം.
ഛവ—ാംന- ഞായറാഴ്ച	,,	ര ,,	കുരുവിനാൽ
ഛൻ—ാംന- തിങ്കളാഴ്ച	,,	ര ,,	മണിയങ്കുന്നു
ന—ാംന- ചൊവ്വാഴ്ച	,,	ര ,,	ആരമന

മെത്രാസനകച്ചേരി
ചങ്ങനാശ്ശേരി.
ഛവ—ര—ഛൻ കല്പനപ്രകാരം V. G.



പ്രത്യേക പ്രഖ്യാപനം.

വരിക്കാർക്ക്.

ക. മാസിക സമയത്തു കിട്ടത്തക്കവണ്ണം ഞങ്ങൾ കർശനമായ നടപടികൾ നടത്തി വരുന്നുണ്ട്.

ഖ. രണ്ടാം പുസ്തകം മുതലും പേജ് ക്രമി ചേർത്തു നല്ല വക്ഷമാക്കി വർദ്ധിപ്പിക്കുന്നതാണ്.

ന. ഏജൻറന്മാർവഴി മാസിക വരുത്തുന്നവർ ക്രമ ണം യും അഞ്ചൽമാർഗ്ഗം വേണമെന്നുള്ളവർ ക്രമ പായും വരിപ്പണം അടയ്ക്കേണ്ടതാണ്.

ഘ. ഏജൻറന്മാർക്ക് പത്തിരൊന്നുവീതം കമ്മീഷൻ കൊടുക്കപ്പെടും.

ങ വരിസംഖ്യ തന്നുതീർക്കാത്തവർക്ക് രണ്ടാം പുസ്തകം വി പി. അയക്കുന്നതാണെന്നു നേരത്തെ അറിയിച്ചുകൊള്ളുന്നു.

മാനേജർ ഫാദർ പനച്ചിയ്ക്കൽ.



പരസ്യങ്ങൾ.

ഒരുപുതിയലേലച്ചിട്ടി

തിരുസിംഹാസനത്തിന്റെ അനുമതിയോടും ചങ്ങനാശേരിരൂപതയുടെ എ പെ. പെ. ബ: മെത്രാനച്ചൻ തിരുമനസിലെ M 162. 16-1-29. നമ്പർ കല്പനപ്രകാരവും ചങ്ങനാശേരി രൂപത തലയാൽ നിന്നു

ഒരു ലക്ഷം രൂപായുടെ

ഒരു ചിട്ടി താഴെ കാണിച്ചിരിക്കുന്ന നമ്പരുകളിലായി ധനു, ഇടവം ഈമാസങ്ങളിൽ വ്യാപാരകൾതോറും നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ആദ്യ ചിട്ടി ക്രമ ധനു ഇടവം വ്യാപാരം നടത്തുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കു എഴുതി ചോദിക്കുക

മാനേജർ, ചിട്ടിക്കമ്പോളം

അരമന, ചങ്ങനാശേരി.

ചിത്രാംഗദം.

മേയ്. (ഇടവം)

വ. കെ. മനിഷത്തിന്റെ വന്നക്കമാസം.

ഇം:	മല:	
1	ഹൻ	ബു. ശു. വീ. യാകോ.
3	ഛ	ഷഷ്ഠി വെള്ളിയാഴ്ച.
5	ഗു	ഞാ. ✻ ഉ ദ-ാ ഞാ. സ. കട്ട്. സ മെസ് ഞായർ വ്യാഴം കടം.
7	ഖ	ചൊ. ജാതിനുഷ്യ കത്തോലിക്കാ കോൺഗ്രസ്സ്.
8	ഗു	ബു. ശു. വീ. കർഷകാനുഭവ കോൺഗ്രസ്സ്
9	ഛ	വ്യാ. ✻ സ. കെ. ഡഫ്താരാഹണം.
12	ങാ	ഞാ. ✻ ഉ. സ-ാ ഞാ. സ. ഞാറാ. ഒ. ഞായ. ഞായർ ശു. വീ.
19	സ	ഞാ. ✻ പന്തക്കു. കട്ട്. ക. കട്ട്. ട്രിനിഹി. ഞായർ ശുക്രൻ ശു. വീ. തൊഴിലാളി ദിനം.
26	ഗു	ഞാ. ✻ പന്തക്കുസ്താ ക്രാന്തി. ശു. ശ്രീത്വം. കട്ട്. ഉ. ഞായർ വ്യാഴം കടം. (മെസ്സ്
30	ഛ	വ്യാ. ✻ ശു. കർത്താവ. ഷ.

P. PAPPY & CO. MANNANAM,
Travancore.

ഫ ട്ടുകേതികളുടെ സാമാനങ്ങൾ.

ആല്യുമിനിയം വെറ്റിങ്ങുകാഗ്ഗുരുവങ്ങൾ

			Rs.	As.	Ps.
324	കുക്കുടവൃത്തം	ഡസൻ 1	0	3	
331	നീളുകുതി	:	0	3	
337	വൃത്തം	:	0	3	
338	,,	:	0	5	
7030	ചതുരഷ്ടത്തട്ട്	:	0	5	
342	കുതിരകുതി	:	0	5	
7023	ചതുര ഒറ്റത്തട്ട്	:	0	7	
35	ഒറ്റത്തട്ട്	:	0	5	
8	ഉത്തമപുൽക്കുട്ട്	:	0	5	
7031	ചതുര ചുരുട്ടുവിയുട്ട്	:	0	7	
11	കുക്കുടവൃത്തം	:	0	7	
809	ഗുണ്ടുടച്ചെ	:	0	10	

321	മന്ത്രിരിവള്ളികെട്ട്	:	0	10
207	വിചിത്രകുരിശു	„	0	10
398	കുരിശുഭാഷ	:	0	9
101	വി. കൊ. ത്രേ. ചൊറ.	:	0	3
102	„ „ വലുത്	:	0	5
24	കൂക്കുടവുത്തം സൊഡാലിറരി വലുത്	:	1	0
25	മുട്ടഭാഷ ചെറുത്	:	0	10
5001	മന്ത്രിരിവള്ളി:തിരുഹൃ:	:	0	12
5002	ശ്രു. കുർബാന	:	0	12

* കുശ്രൂപങ്ങൾ ഒരേസമയത്തു 10 രൂപാസ്സു എടുക്കുന്നവക്ക് 10നു 2 കമ്മീഷൻ കൊടുക്കപ്പെടും

റ. റബ്ബേക്കു സാമാനം

ചരടുകൾ

1–ാം	ചരട് ചൈനാപ്പട്ട്	18	വീതം വളയം	1–നു്	0	13 0
2–ാം	„ പിരിച്ചതു്	7	„	1–നു്	0	12 0
3–ാം	„	2	„	1–നു്	0	8 0
4=ാം	„	1	„	„	0	3 6

കമ്പികൾ

1–ാം	കമ്പിവളയം		1=നു്	0	1 6
2=ാം	„		„	0	2 6
3=ാം	„	„		0	3 6
4=ാം	„	„		0	4 0
അക്കൂടിവളയം	1=ാതരം	„		0	9 0
അപ്പൂസുകട്ട	1 „	„		0	5 0
„	2 „	„		0	4 0
„	3 „	„		0	2 0
„	4 „	„		0	1 9
അണി (Screw)	1=നു്			0	1 9
പാന്തി (Bridge)	1=നു്			0	1 3
പരുന്തുവാൽ (Tail piece)	1–നു്			0	7 0

റബ്ബേക്കുകൾ.

ഇപ്പോൾ പുതുതായി ഫ്രാൻസിൽനിന്നും വന്നുചേർന്നിട്ടുള്ളതും ക്ലി രൂപാ മുതൽ 60 രൂപാവരെ വിലയുള്ളതും വിവിധ വണ്ണങ്ങളോടുകൂടിയതുമായ റബ്ബേക്കുകൾ ഭിന്നമായവിലയ്ക്കു വില്പാൻ തയ്യാർ. ആവശ്യക്കാർ സ്വലത്തുവന്നുനോക്കി എടുക്കേണ്ടതാണ്. അഞ്ചൽ വഴിയായൊ തപാൽവഴിയായൊ അയച്ചുകൊടുക്കുന്നതല്ല.

മേൽവിലാസം മാനേജർ,
പി. പാറ്റി ആൻഡ് കൊ. മാന്നാനം.

Printed and published by Rev. Fr. M. Alakalam,
at the St. Joseph's Orphanage Press Changanacherry.